# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കുത്തിയതോട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022




കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001

ഇ-മെയിൽ: ddhglfalpy@gmail.com

ഫോൺ : 0477-2252753

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA-ALP-P.2/1043/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 29/09/2022
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കുത്തിയതോട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കുത്തിയതോട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കുത്തിയതോട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA-ALP-P.2/1043/2022 തീയ്യതി: 29/09/2022

## ആലപ്പുഴ ജില്ലയിലെ കുത്തിയതോട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ കുത്തിയതോട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-08-2021 മുതൽ 31-07-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 27 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 13 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| രാജീവ്.ആർ | ഡെപ്യൂട്ടി ഡയറക്ടർ | 24-08-2022 | 01-09-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 24-08-2022 | 01-09-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.സി.സി.ജ്യോതിമോൻ, ഓഡിറ്റ് ഓഫീസർ
ശ്രീ. പുഷ്പരാജ്. വി.കെ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി.ശ്രീദേവി.ആർ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി.ലേഖ. പി.കെ, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീമതി. വത്സന | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ.പി.സി.സേവ്യർ | സെക്രട്ടറി | 01-04-2021 | 31-03-2022 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.അജയകുമാർ.പി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 03-12-2021 |
| ശ്രീമതി.ജയ.ബി | അസിസ്റ്റന്റ് സെക്രട്ടറി | 04-12-2021 | 31-03-2022 |
| ശ്രീമതി.ബിജുമോൾ.ആർ | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ, നാലുകുളങ്ങര സർക്കിൾ | 01-04-2021 | 31-03-2022 |
| ശ്രീമതി.നിഷ.എ | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ, കുത്തിയതോട് സർക്കിൾ | 01-04-2021 | 31-03-2022 |
| ശ്രീമതി.ജലജ | ഹെഡ്മിസ്ട്രസ്, ജി.യു.പി.എസ് | 01-04-2021 | 31-03-2022 |
| ഡോ.ജിജിമോൾ.ആർ | മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | 01-04-2021 | 31-03-2022 |
| ഡോ.ജലീന നാലകത്ത് | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2021 | 31-03-2022 |
| ശ്രീമതി.സിജി എൻ.നാഥ് | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി.ജാൻസി.എഫ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 18-10-2021 |
| ശ്രീ.കബീർ.കെ.എം | അസിസ്റ്റന്റ് എഞ്ചിനീയർ | 19-10-2021 | 31-03-2022 |
| ഡോ.പ്രിഷ.പി.എസ് | മെഡിക്കൽ ഓഫീസർ പി.എച്ച്.സി, | 01-04-2021 | 14-06-2021 |
| ഡോ.അരുൺ | മെഡിക്കൽ ഓഫീസർ പി.എച്ച്.സി, | 15-06-2021 | 31-03-2022 |
| ഡോ.ഗുരുപ്രിയ.പി.എസ് | വെറ്ററിനറി സർജ്ജൻ | 01-04-2021 | 31-03-2022 |
| ശ്രീമതി.സുനിത ക്ഷപാകരൻ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2021 | 12-11-2021 |
| ശ്രീമതി.റീന പത്മനാഭൻ.ആർ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 13-11-2021 | 31-03-2022 |
| ശ്രീ.ആസിഫ്.എ.എസ് | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-04-2021 | 30-11-2021 |

| | | | |
|---|---|---|---|
| ശ്രീമതി.നിഷ എലിസബത്ത് ജോഷ്വ | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-12-2021 | 31-03-2022 |
| ശ്രീ.മനേഷ്.എം.എസ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 31-03-2022 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: C.C Jyothimon (Audit Officer, On 01-09-2022)<br>Last Updated By: C.C Jyothimon (Audit Officer, On 01-09-2022) | 1-1 |
| 2 | ബജറ്റിന്റെ അവലോകനം<br>Written By: C.C Jyothimon (Audit Officer, On 01-09-2022)<br>Last Updated By: C.C Jyothimon (Audit Officer, On 01-09-2022) | 1-1-1 |
| 3 | വാർഷികധനകാര്യപത്രിക<br>Written By: Pushparaj V.K (Asst. Audit Officer, On 01-09-2022)<br>Last Updated By: Pushparaj V.K (Asst. Audit Officer, On 01-09-2022) | 1-2 |
| 4 | വാർഷിക ധനകാര്യ പത്രിക ന്യൂനതകൾ<br>Written By: Pushparaj V.K (Asst. Audit Officer, On 01-09-2022)<br>Last Updated By: Pushparaj V.K (Asst. Audit Officer, On 01-09-2022) | 1-2-1 |
| 5 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: Pushparaj V.K (Asst. Audit Officer, On 01-09-2022)<br>Last Updated By: Pushparaj V.K (Asst. Audit Officer, On 01-09-2022) | 1-3 |
| 6 | ഗ്രാന്റ് വിനിയോഗം<br>Written By: Pushparaj V.K (Asst. Audit Officer, On 01-09-2022)<br>Last Updated By: Pushparaj V.K (Asst. Audit Officer, On 01-09-2022) | 1-4 |
| 7 | പദ്ധതി അവലോകനം<br>Written By: Pushparaj V.K (Asst. Audit Officer, On 01-09-2022)<br>Last Updated By: Pushparaj V.K (Asst. Audit Officer, On 01-09-2022) | 1-5 |
| 8 | തൊഴിലുറപ്പ് പദ്ധതി<br>Written By: C.C Jyothimon (Audit Officer, On 01-09-2022)<br>Last Updated By: C.C Jyothimon (Audit Officer, On 01-09-2022) | 1-6 |
| 9 | ക്ഷേമ പദ്ധതികൾ<br>Written By: Lekha (Auditor, On 01-09-2022)<br>Last Updated By: Lekha (Auditor, On 01-09-2022) | 1-7 |
| 10 | ക്യാഷ് പരിശോധന<br>Written By: Lekha (Auditor, On 01-09-2022)<br>Last Updated By: Pushparaj V.K (Asst. Audit Officer, On 01-09-2022) | 1-8 |
| 11 | ആഭ്യന്തരനിയന്ത്രണം.<br>Written By: C.C Jyothimon (Audit Officer, On 01-09-2022)<br>Last Updated By: C.C Jyothimon (Audit Officer, On 01-09-2022) | 1-9 |
| 12 | പഞ്ചായത്തിനർഹതപ്പെട്ട തുക യഥാസമയം പഞ്ചായത്ത് ഫണ്ടിലേയ്ക്ക് വരവ് വയ്ക്കപ്പെടാത്തത് സംബന്ധിച്ച്.<br>Written By: Pushparaj V.K (Asst. Audit Officer, On 31-08-2022)<br>Last Updated By: Pushparaj V.K (Asst. Audit Officer, On 01-09-2022) | 1-10 |
| 13 | ഇ.എം.ഡി ഇനത്തിൽ കൈപ്പറ്റിയ ചെക്കുകൾ പണമാക്കാതെ സൂക്ഷിച്ചു.<br>Written By: Pushparaj V.K (Asst. Audit Officer, On 01-09-2022)<br>Last Updated By: Pushparaj V.K (Asst. Audit Officer, On 01-09-2022) | 1-11 |
| 14 | ടെണ്ടർ ഫോം വില ശരിയായ ശീർഷകത്തിൽ അക്കൊണ്ട് ചെയ്യാതിരുന്നത് സംബന്ധിച്ച്.<br>Written By: Pushparaj V.K (Asst. Audit Officer, On 01-09-2022)<br>Last Updated By: Pushparaj V.K (Asst. Audit Officer, On 01-09-2022) | 1-12 |
| 15 | വാട്ടർ അതോറിറ്റിയിൽ നിന്നും തിരികെ ലഭിച്ച തുക നിശ്ചിത ശീർഷകത്തിലേയ്ക്ക് ഒടുക്കിയില്ല.<br>Written By: Pushparaj V.K (Asst. Audit Officer, On 31-08-2022)<br>Last Updated By: C.C Jyothimon (Audit Officer, On 01-09-2022) | 1-13 |
| 16 | തൊഴിൽ നികുതി പൂർണ്ണമായും ഈടാക്കുന്നില്ല | 1-14 |

| | | |
|---|---|---|
| | Written By: Lekha (Auditor, On 01-09-2022)<br>Last Updated By: C.C Jyothimon (Audit Officer, On 24-09-2022) | |
| 17 | വസ്തു നികുതി നിർണ്ണയം<br>Written By: Lekha (Auditor, On 01-09-2022)<br>Last Updated By: C.C Jyothimon (Audit Officer, On 24-09-2022) | 1-15 |
| 18 | ഫാക്ടറികൾക്കും വ്യാപരങ്ങൾക്കും സംരഭകപ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും .ലൈസൻസ് നൽകിയതിലെ അപാകതകൾ<br>Written By: Lekha (Auditor, On 01-09-2022)<br>Last Updated By: C.C Jyothimon (Audit Officer, On 01-09-2022) | 1-16 |
| 19 | പഞ്ചായത്തിൽരജിസ്റ്റർ ചെയ്യുന്ന മരണം-മരണപ്പെട്ടവർ സ്ഥിരതാമസമാക്കിയിരുന്ന പഞ്ചായത്തിൽ യഥാസമയം അറിയിക്കുന്നില്ല<br>Written By: Lekha (Auditor, On 01-09-2022)<br>Last Updated By: C.C Jyothimon (Audit Officer, On 01-09-2022) | 1-17 |
| 20 | വെള്ളക്കരം കുടിശ്ശിക ഒടുക്കുന്നില്ല- ഫൈൻ വർദ്ധിക്കുന്നു.<br>Written By: Pushparaj V.K (Asst. Audit Officer, On 31-08-2022)<br>Last Updated By: Pushparaj V.K (Asst. Audit Officer, On 01-09-2022) | 1-18 |
| 21 | തെരുവ് വിളക്ക് മെയിന്റനൻസ്-നിർമാണ തൊഴിലാളി ക്ഷേമനിധി വിഹിതവും, ആദായ നികുതിയും ട്രഷറി ബില്ലിൽ ഉൾപ്പെടുത്തി കുറവ് ചെയ്തില്ല.<br>Written By: Pushparaj V.K (Asst. Audit Officer, On 31-08-2022)<br>Last Updated By: C.C Jyothimon (Audit Officer, On 24-09-2022) | 1-19 |
| 22 | പ്രോജക്ട് രൂപീകരിക്കാതെ തുക ചെലവഴിച്ചത് സംബന്ധിച്ച്<br>Written By: Pushparaj V.K (Asst. Audit Officer, On 31-08-2022)<br>Last Updated By: Pushparaj V.K (Asst. Audit Officer, On 25-09-2022) | 1-20 |
| 23 | സുഭിക്ഷ കേരളം-വീട്ടുവളപ്പിലെ കുളത്തിലെ കൃഷി-34136 രൂപ അധികം നൽകി<br>Written By: Sreedevi.R (Senior Grade Auditor, On 31-08-2022)<br>Last Updated By: Sreedevi.R (Senior Grade Auditor, On 01-09-2022) | 1-21 |
| 24 | ഐ.കെ.എം വിഹിതം നല്കൽ- വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല.<br>Written By: Pushparaj V.K (Asst. Audit Officer, On 31-08-2022)<br>Last Updated By: Pushparaj V.K (Asst. Audit Officer, On 25-09-2022) | 1-22 |
| 25 | ചട്ടങ്ങൾ പാലിക്കാതെ തനത് ഫണ്ടിൽ നിന്ന് ചെലവുകൾ നടത്തി<br>Written By: Sreedevi.R (Senior Grade Auditor, On 31-08-2022)<br>Last Updated By: Sreedevi.R (Senior Grade Auditor, On 25-09-2022) | 1-23 |
| 26 | മരുന്ന് പൂർണ്ണമായും ലഭ്യമായില്ല<br>Written By: Lekha (Auditor, On 01-09-2022)<br>Last Updated By: C.C Jyothimon (Audit Officer, On 24-09-2022) | 1-24 |
| 27 | പി.എച്ച്.സി. മെഡിക്കൽ ഓഫീസർ നടപ്പാക്കിയ പ്രോജക്ടുകൾ -മരുന്ന്/ ഉപകരണങ്ങൾ പൂർണ്ണമായി ലഭിച്ചില്ല.<br>Written By: Sreedevi.R (Senior Grade Auditor, On 31-08-2022)<br>Last Updated By: Pushparaj V.K (Asst. Audit Officer, On 01-09-2022) | 1-25 |
| 28 | വനിതകൾക്ക് ആട്ടിൻകുട്ടി വിതരണം- മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിച്ചില്ല<br>Written By: Sreedevi.R (Senior Grade Auditor, On 31-08-2022)<br>Last Updated By: C.C Jyothimon (Audit Officer, On 24-09-2022) | 1-26 |
| 29 | ലൈഫ് ഭവന പദ്ധതി- നിർമാണം പൂർത്തീകരിക്കാത്തത് സംബന്ധിച്ച്<br>Written By: Pushparaj V.K (Asst. Audit Officer, On 31-08-2022)<br>Last Updated By: C.C Jyothimon (Audit Officer, On 24-09-2022) | 1-27 |
| 30 | ഫെസ്റ്റിവൽ അഡ്വാൻസ് 3000/- രൂപ ഈടാക്കാൻ ബാക്കിനിൽക്കുന്നു<br>Written By: Sreedevi.R (Senior Grade Auditor, On 31-08-2022)<br>Last Updated By: Sreedevi.R (Senior Grade Auditor, On 11-09-2022) | 1-28 |
| 31 | വാഹന പരിപാലനം -ന്യൂനതകൾ<br>Written By: Sreedevi.R (Senior Grade Auditor, On 01-09-2022) | 1-29 |

| | | |
|---|---|---|
| | Last Updated By: C.C Jyothimon (Audit Officer, On 24-09-2022) | |
| 32 | പ്രൊക്യൂർമെന്റ് കമ്മിറ്റി- പ്രവർത്തനം കാര്യക്ഷമമല്ല<br>Written By: Sreedevi.R (Senior Grade Auditor, On 31-08-2022)<br>Last Updated By: Pushparaj V.K (Asst. Audit Officer, On 01-09-2022) | 1-30 |
| 33 | സോഷ്യൽ ഡിഡക്ഷനിലൂടെ ഈടാക്കിയ തുകകൾക്ക് അനുസൃതമായി ജി.ഒ പ്രോജക്ട് തയ്യാറാക്കിയില്ല<br>Written By: Pushparaj V.K (Asst. Audit Officer, On 31-08-2022)<br>Last Updated By: Pushparaj V.K (Asst. Audit Officer, On 25-09-2022) | 1-31 |
| 34 | കാനാപറമ്പ് ലക്ഷംവീട് കോളനി കാനനിർമ്മാണം-അപാകതകൾ<br>Written By: C.C Jyothimon (Audit Officer, On 01-09-2022)<br>Last Updated By: Pushparaj V.K (Asst. Audit Officer, On 01-09-2022) | 1-32 |
| 35 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി- സെക്യൂർ സോഫ്റ്റ് വെയർ പ്രകാരം 80mmപേവർ ബ്ലോക്ക് പാകുന്നതിന് പി.ഡബ്ല്യു.ഡി നിരക്കിനേക്കാൾ ഉയർന്ന നിരക്ക് അനുവദിച്ചുനൽകുന്നു.<br>Written By: C.C Jyothimon (Audit Officer, On 01-09-2022)<br>Last Updated By: Pushparaj V.K (Asst. Audit Officer, On 01-09-2022) | 1-33 |
| 36 | കാലിവീപ്പയുടെ ജി.എസ്.ടി തനത് ഫണ്ടിൽ നിക്ഷേപിച്ചിരിക്കുന്നു<br>Written By: C.C Jyothimon (Audit Officer, On 01-09-2022)<br>Last Updated By: Pushparaj V.K (Asst. Audit Officer, On 01-09-2022) | 1-34 |
| 37 | തൊഴിലുറപ്പ് പദ്ധതി പ്രകാരം മെറ്റീരിയൽ സപ്ലൈ ചെയ്യുന്ന കരാറുകാരിൽ നിന്നും വരുമാന നികുതി/ജി.എസ്.ടി എന്നിവ ശ്രോതസ്സിൽ കുറവ് ചെയ്യുന്നില്ല.<br>Written By: C.C Jyothimon (Audit Officer, On 01-09-2022)<br>Last Updated By: Pushparaj V.K (Asst. Audit Officer, On 01-09-2022) | 1-35 |
| 38 | എർത്ത്ഫില്ലിംഗ് കൺസോളിഡേഷൻ കുറവ് ചെയ്തില്ല.<br>Written By: C.C Jyothimon (Audit Officer, On 01-09-2022)<br>Last Updated By: Pushparaj V.K (Asst. Audit Officer, On 01-09-2022) | 1-36 |
| 39 | ഇ-പേയ്മെന്റ് സംവിധാനം വഴി കരാറുകാർ അടച്ചിട്ടുള്ള ടെണ്ടർ ഫീസിന്റെ വിശദാംശം<br>Written By: C.C Jyothimon (Audit Officer, On 01-09-2022)<br>Last Updated By: C.C Jyothimon (Audit Officer, On 01-09-2022) | 1-37 |
| 40 | കെ എസ്.ഇ.ബി.യ്ക്ക് വിവിധ നിക്ഷേപപ്രവൃത്തികൾക്കായി തുക നൽകിയിയിട്ടുണ്ടെങ്കിലും നാളിതുവരെ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല<br>Written By: Sreedevi.R (Senior Grade Auditor, On 01-09-2022)<br>Last Updated By: Sreedevi.R (Senior Grade Auditor, On 01-09-2022) | 1-38 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | കാനാപറമ്പ് ലക്ഷംവീട് കോളനി കാനനിർമ്മാണം-അപാകതകൾ<br>Written By: C.C Jyothimon (Audit Officer, On 01-09-2022)<br>Last Updated By: C.C Jyothimon (Audit Officer, On 01-09-2022) | 3-1 |
| 2 | എർത്ത്ഫില്ലിംഗ് കൺസോളിഡേഷൻ കുറവ് ചെയ്തില്ല.<br>Written By: C.C Jyothimon (Audit Officer, On 01-09-2022)<br>Last Updated By: C.C Jyothimon (Audit Officer, On 01-09-2022) | 3-2 |
| 3 | സുഭിക്ഷ കേരളം-വീട്ടുവളപ്പിലെ കുളത്തിലെ കൃഷി-34136 രൂപ അധികം നൽകി<br>Written By: Sreedevi.R (Senior Grade Auditor, On 01-09-2022)<br>Last Updated By: Sreedevi.R (Senior Grade Auditor, On 01-09-2022) | 3-3 |
| | **ഭാഗം 4** | |

| | | |
|---|---|---|
| 1 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Sreedevi.R (Senior Grade Auditor, On 01-09-2022)<br>Last Updated By: Sreedevi.R (Senior Grade Auditor, On 01-09-2022) | 4-1 |
| 2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Sreedevi.R (Senior Grade Auditor, On 01-09-2022)<br>Last Updated By: Sreedevi.R (Senior Grade Auditor, On 01-09-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Sreedevi.R (Senior Grade Auditor, On 01-09-2022)<br>Last Updated By: Sreedevi.R (Senior Grade Auditor, On 01-09-2022) | 4-3 |
| 4 | വായ്പ / വായ്പ തിരിച്ചടവ്<br>Written By: Pushparaj V.K (Asst. Audit Officer, On 01-09-2022)<br>Last Updated By: Pushparaj V.K (Asst. Audit Officer, On 01-09-2022) | 4-4 |
| 5 | സ്ഥിര നിക്ഷേപം<br>Written By: Sreedevi.R (Senior Grade Auditor, On 01-09-2022)<br>Last Updated By: Sreedevi.R (Senior Grade Auditor, On 01-09-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Sreedevi.R (Senior Grade Auditor, On 01-09-2022)<br>Last Updated By: Sreedevi.R (Senior Grade Auditor, On 01-09-2022) | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Sreedevi.R (Senior Grade Auditor, On 01-09-2022)<br>Last Updated By: Sreedevi.R (Senior Grade Auditor, On 01-09-2022) | 4-7 |
| 8 | ചാർജ്/സർചാർജ് നടപടികളുടെ വിവരം<br>Written By: Sreedevi.R (Senior Grade Auditor, On 01-09-2022)<br>Last Updated By: Sreedevi.R (Senior Grade Auditor, On 01-09-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Sreedevi.R (Senior Grade Auditor, On 01-09-2022)<br>Last Updated By: C.C Jyothimon (Audit Officer, On 25-09-2022) | 4-9 |
| 10 | തീർപ്പാക്കാനാവശേഷിക്കുന്ന ഓഡിറ്റ്റിപ്പോർട്ടുകൾ<br>Written By: Sreedevi.R (Senior Grade Auditor, On 01-09-2022)<br>Last Updated By: Sreedevi.R (Senior Grade Auditor, On 01-09-2022) | 4-10 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

2021-22വർഷത്തെ ബജറ്റ് 18.2.2021 തീയതിയിലെ ഒന്നിൽ ഒന്നാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. തുടർന്ന് 7.2.2022ലെ മൂന്നിൽ ഒന്നാം നമ്പർ തീരുമാന പ്രകാരം പരിഷ്കരിച്ചു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 21,31,18,750 | 22,06,84,000 |
| വാർഷിക കണക്ക് പ്രകാരം (ഇൻകം&എക്സ്പെണ്ടീച്ചർ പത്രിക) | 16,69,58,336 | 17,12,33,652 |

## 1-1-1 ബജറ്റിന്റെ അവലോകനം

2021-22വർഷത്തെ ബജറ്റ് 18.2.2021 തീയതിയിലെ ഒന്നിൽ ഒന്നാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. തുടർന്ന് 7.2.2022ലെ മൂന്നിൽ ഒന്നാം നമ്പർ തീരുമാന പ്രകാരം പരിഷ്കരിച്ചു. ബജറ്റ് പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1.തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 02.12.2016 ലെ ജി.ഒ.(ആർ.ടി.)3291/2016 നമ്പരായി പ്രസിദ്ധീകരിച്ച ബജറ്റ് മാന്വലിലെ ഖണ്ഡിക 3.1.4, 3.1.5 എന്നിവ പ്രകാരം തയ്യാറാക്കേണ്ട പെർഫോമൻസ് ബജറ്റ്, ജെന്റർ ബജറ്റ് എന്നിവ തയ്യാറാക്കിയിട്ടില്ല.

2. ബജറ്റിന്റെ അവലോകനം നടത്തുന്നില്ല .

ബജറ്റ് മാന്വലിലെ ഖണ്ഡിക 4.4 പ്രകാരം പ്രതിമാസ ധനകാര്യ പുരോഗതി പത്രിക, പ്ലാൻ ഡോക്യുമെന്റ് എന്നിവയും ബഡ്ജറ്റുമായി ഓരോ മാസവും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നടത്തേണ്ടിയിരുന്ന ബഡ്ജറ്റിന്റെ പ്രതിമാസ അവലോകനം നടത്തിയതായി രേഖപ്പെടുത്തലില്ല. കൂടാതെ, വർഷാവസാനം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നടത്തേണ്ടിയിരുന്ന ബജറ്റിന്റെ വാർഷിക അവലോകനവും (ഖണ്ഡിക 4.5) നടത്തിയതായി രേഖപ്പെടുത്തലില്ല.

3.ബജറ്റിന്റെ പരിശോധന

ബജറ്റ് മാന്വലിലെ ഖണ്ഡിക 4.6 പ്രകാരം ഒരു സാമ്പത്തിക വർഷത്തെ ബജറ്റ് ആ സാമ്പത്തിക വർഷം ഏപ്രിൽ 30 ന് മുമ്പായി പെർഫോമൻസ് ഓഡിറ്റ് ടീം പരിശോധന നടത്തേണ്ടതാണ്. 2021-22 ലെ ബജറ്റ് 2021ഏപ്രിൽ 30 ന് മുമ്പായി പെർഫോമൻസ് ഓഡിറ്റ് ടീം പരിശോധന നടത്തിയതായി കാണുന്നില്ല.

4.ബജറ്റിൽ വകയിരുത്തിയതിനേക്കാൾ കൂടുതൽ ചെലവ്

| ക്രമ നമ്പർ | ഹെഡ് | ഹെഡിന്റെ വിവരണം | ബജറ്റ് പ്രകാരമുള്ള വകയിരുത്തൽ | പരിഷ്കരിച്ച ബജറ്റ് പ്രകാരമുള്ള വകയിരുത്തൽ | യഥാർഥ ചെലവ് (RP Statement പ്രകാരം) | റിമാർക്സ് |
|---|---|---|---|---|---|---|
| 1. | 2102002 | ബത്തകൾ | 2,00,000/- | 2,00,000/- | 2,01,499 | ബജറ്റിൽ വകയിരുത്തിയ തുകയേക്കാൾ കൂടുതൽ ചെലവ് |
| 2 | 2305001 | സംരക്ഷണവും അറ്റകുറ്റപ്പണികളും പൊതു കെട്ടിടങ്ങൾ | 00 | 00 | 9991 | ബജറ്റിൽ വകയിരുത്തലില്ലാതെ ചെലവ് |
| 3 | 2305005 | സംരക്ഷണവും അറ്റകുറ്റപ്പണികളും കുടിവെള്ള പദ്ധതികൾ | 10000 | 10000 | 00 | വകയിരുത്തലുണ്ടെങ്കിലും ചെലവില്ല. |
| 4 | 2308000 | Other Operating & Maintenance Expenditure | 00 | 00 | 4167 | ബജറ്റിൽ വകയിരുത്തലില്ലാതെ ചെലവ് |
| 5 | 2308001 | Other Operating & Maintenance Expenditure | 400000 | 400000 | 1130887 | ബജറ്റിൽ വകയിരുത്തിയ തുകയേക്കാൾ കൂടുതൽ ചെലവ് |
| 6 | 2407001 | ബാങ്ക് ചാർജ്ജ് നൽകൽ | 6000 | 1000 | 2905 | ബജറ്റിൽ വകയിരുത്തിയ തുകയേക്കാൾ കൂടുതൽ |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | ചെലവ് |
| 7 | 2501023 | കൃഷിയും അനുബന്ധ മേഖലയും | 00 | 00 | 535938 | ബജറ്റിൽ വകയിരുത്തലില്ലാതെ ചെലവ് (Flood Mitigation) |
| 8 | 2511001 | പ്രീ പ്രൈമറി വിദ്യാഭ്യാസം | 00 | 00 | 1125334 | ബജറ്റിൽ വകയിരുത്തലില്ലാതെ ചെലവ് |

മേൽക്കാണിച്ചിട്ടുള്ള അപാകതകൾ ചൂണ്ടിക്കാണിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (16/31.08.2022) ലഭ്യമാക്കിയ മറുപടിയിൽ അപാകതകൾ മേലിൽ ആവർത്തിക്കാതിരിക്കുന്നതിന് ശ്രദ്ധിക്കുന്നതാണെന്നും പ്രതിമാസ അവലോകനങ്ങൾ നടത്തുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. നിലവിൽ ബജറ്റിന്റെ നിർവ്വഹണം പരിശോധിക്കുന്നതിന് അക്കൗണ്ടിംഗ് സോഫ്റ്റ് വെയർ പ്രകാരം പ്രൊവിഷനില്ല. അതിനാൽ ബജറ്റ് അലോട്ട്മെന്റിൽ അധികരിച്ച് ചെയ്യുന്ന ചെലവുകൾ നിയന്ത്രിക്കുന്നതിനോ, ബജറ്റ് അലോട്ട്മെന്റ് ഇല്ലാത്ത ഇനങ്ങൾക്ക് ചെലവ് ചെയ്യുന്നത് തടയുന്നതിനോ നിലവിൽ സാധിക്കുന്നില്ല. അക്കൗണ്ടിംഗ് സോഫ്റ്റ് വെയറായ സാംഖ്യയുമായി ബജറ്റ് ലിങ്ക് ചെയ്തിട്ടില്ലാത്തതിനാൽ തദ്ദേശ സ്ഥാപനത്തിന്റെ ധനകാര്യ മാനേജ്മെന്റിനുള്ള ഒരു ക്രമീകരണമായിട്ട് ബജറ്റ് പ്രവർത്തിക്കുന്നതിനും നിലവിൽ സാധിച്ചിട്ടില്ല. ബജറ്റ് തയ്യാറാക്കുന്ന ഹെഡ്ഡിൽ തന്നെ ചെലവുകൾ ബുക്കുചെയ്യുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. കൂടാതെ ബജറ്റിന്റെ രൂപീകരണത്തിലും നിർവ്വഹണത്തിലും കൂടുതൽ ശ്രദ്ധ പുലർത്തേണ്ടതും അക്കൗണ്ടിംഗ് സോഫ്റ്റ് വെയറുമായി ബജറ്റ് ലിങ്ക് ചെയ്യുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31-07-2022 | 14.7.2022 |

## 1-2-1 വാർഷിക ധനകാര്യ പത്രിക ന്യൂനതകൾ

കുത്തിയതോട് ഗ്രാമ പഞ്ചായത്തിന്റെ വാർഷിക ധനകാര്യ പത്രിക പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട ന്യൂനതകൾ ചുവടെ ചേർക്കുന്നു.

1.ഗ്രാമ പഞ്ചായത്തിന്റെ അക്കൌണ്ടിംഗ് സാംഖ്യ സോഫ്റ്റ് വെയറിൽ നിന്നും ഐ.എൽ.ജി.എം.എസ് സോഫ്റ്റ് വെയറിലേയ്ക്ക് മാറിയത് 06.09.2021 മുതലാണ്. സാംഖ്യ സോഫ്റ്റ് വെയറിലുള്ള 05.09.2021 വരെയുള്ള രസീപ്റ്റ് & പേയ്മെന്റിലെ രസീപ്റ്റ്, ഇൻകം & എക്സ്പന്റീച്ചറിലെ ഇൻകം എന്നിവ പാസ്റ്റ് ഡാറ്റാ എൻട്രി നടത്തിയപ്പോൾ Penalties & Fines - Penal Ineterest എന്നയിനത്തിൽ 20871/-രൂപ രേഖപ്പെടുത്തേണ്ടതിനു പകരം 20925/-രൂപ രേഖപ്പെടുത്തിയിരിക്കുന്നു.

2. District Co-operative Bank, Kuthiathodu എന്ന അക്കൌണ്ടിന്റെ റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ Cheques Deposited But Not Cleared എന്നതിനു കീഴെ ഉൾപ്പെടുത്തിയിരിക്കുന്ന താഴെപ്പറയുന്ന ചെക്കുകൾ കാലാവധി(3 മാസം) കഴിഞ്ഞതാണെന്ന് കാണുന്നു.

| ചെക്ക് നം./ തീയതി | തുക |
|---|---|
| 310635/ 02.03.2021 | 1250 |
| 312357/ 18.03.2021 | 2750 |
| 383841/ 18.03.2021 | 1250 |

2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ ചട്ടം 22 പ്രകാരം യഥാസമയം പണമാകാത്ത ചെക്കുകൾക്ക് നല്കിയ രസീപ്റ്റ് ക്യാൻസൽ ചെയ്യേണ്ടതും അക്കൗണ്ട് ബുക്കുകളിൽ ആവശ്യമായ റിവേഴ്സ് എൻട്രികൾ വരുത്തേണ്ടതുമാണ്. എന്നാൽ മേൽ ചെക്കുകളുടെ കാലാവധി കഴിഞ്ഞിട്ടും ചട്ട പ്രകാരമുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.

3.State Bank Of India South Kuthiathode(36268249784) എന്ന അക്കൌണ്ടിന്റെ റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ Cheques Deposited But Not Cleared എന്നതിനു കീഴെ ധാരാളം തുകകൾ ഉൾപ്പെടുത്തിയിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടു. പഞ്ചായത്തിൽ അന്വേഷിച്ചതിൽ ടി അക്കൌണ്ട് പഞ്ചായത്തിന്റെ ഇ-പേയ്മെന്റിനായുള്ള അക്കൌണ്ടാണെന്നും, പൊതുജനങ്ങൾ വിവിധ സേവനങ്ങൾക്കായി അടക്കുന്ന തുകകൾ ഐ.കെ.എം-ന്റെ പൂളിംഗ് ബാങ്ക് അക്കൌണ്ട് മുഖേന മാത്രമാണ് ഈ അക്കൌണ്ടിലേയ്ക്ക് വരുന്നതെന്നും ആയതിനുള്ള കാലതാമസം മൂലമാണ് റിക്കൺസിലിയേഷനിൽ ധാരാളം തുകകൾ വരാൻ കാരണമെന്നും അറിയിച്ചു.

4.വിവിധ അലോട്ട്മെന്റ് ലെറ്ററുകൾ പ്രകാരം അനുവദിച്ച വികസന ഫണ്ട് -ജനറൽ വിഭാഗം തുകയിൽ നിന്നും ലൈഫ് ഭവന പദ്ധതിയുടെ വായ്പാ തിരിച്ചടവിനത്തിൽ 1950666/- രൂപയും അംഗൻവാടി ജീവനക്കാരുടെ പ്രതിഫലമിനത്തിൽ 1051200/-രൂപയും സോഴ്സ് ഡിഡക്ഷൻ നടത്തിയിട്ടുണ്ട്. എന്നാൽ തൻവർഷം ഈയിനങ്ങൾക്ക് ജി.ഒ പ്രോജക്ട് വെച്ചിരിക്കുന്നത് യഥാക്രമം 1415333/-രൂപയും 1197200/-രൂപയുമാണ്. തന്മൂലം വികസന ഫണ്ടിനത്തിൽ വാർഷിക കണക്കിലും എക്സ്പന്റീച്ചർ സ്റ്റേറ്റ്മെന്റിലും ഉൾപ്പെടുത്തിയിരിക്കുന്ന തുകകൾ വ്യത്യാസപ്പെട്ടിരിക്കുന്നു.

5.വിവിധ അലോട്ട്മെന്റ് ലെറ്ററുകൾ പ്രകാരം അനുവദിച്ച വികസന ഫണ്ട് -എസ്.സി.പി വിഭാഗം തുകയിൽ നിന്നും ലൈഫ് ഭവന പദ്ധതിയുടെ വായ്പാ തിരിച്ചടവിനത്തിൽ 73334/- രൂപ മാത്രമാണ് സോഴ്സ് ഡിഡക്ഷൻ നടത്തിയിരിക്കുന്നത്. എന്നാൽ തൻവർഷം ഈയിനത്തിന് ജി.ഒ പ്രോജക്ട് വെച്ചിരിക്കുന്നത് 95333/-രൂപയാണ്. തന്മൂലം വികസന ഫണ്ട് എസ്.സി.പി ഇനത്തിൽ വാർഷിക കണക്കിലും എക്സ്പന്റീച്ചർ സ്റ്റേറ്റ്മെന്റിലും ഉൾപ്പെടുത്തിയിരിക്കുന്ന തുകകൾ വ്യത്യാസപ്പെട്ടിരിക്കുന്നു.

6.പഞ്ചായത്തിന് അനുവദിച്ച വിവിധ അലോട്ട്മെന്റുകളിൽ ലൈഫ് ഭവന പദ്ധതിയുടെ വായ്പാ തിരിച്ചടവിനത്തിൽ ആകെ 2024000/-രൂപ സോഴ്സ് ഡിഡക്ഷൻ നടത്തിയിട്ടുണ്ട്. എന്നാൽ ഈ തുകയ്ക്ക് പൂർണമായും ജി.ഒ പ്രോജകട്

ആവിഷ്കരിക്കാതിരുന്നതു മൂലം ഇൻകം & എക്സ്പന്റീച്ചർ സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ I-14(A) പ്രകാരം Loan Payment Housing-Loan Repayment എന്നയിനത്തിൽ 1510666/-രൂപ മാത്രമെ ഉൾപ്പെടുത്തിയിട്ടുള്ളൂ. തന്മൂലം ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-5 പ്രകാരം പഞ്ചായത്തിന്റെ ബാധ്യത 20398326/-രൂപയെന്ന് കാണിച്ചിരിക്കുന്നു. യഥാർത്ഥത്തിൽ 19884992/-രൂപ മാത്രമാണ് വായ്പയിനത്തിൽ ബാധ്യതയായി വരേണ്ടത്.

7.ഇൻകം & എക്സ്പന്റീച്ചർ സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ I-9 പ്രകാരം Recovery From Employees Based On Charge Certificate എന്നയിനത്തിൽ 2257/-രൂപ വരുമാനം രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ ടി തുക ചാർജ് സർട്ടിഫിക്കറ്റിനെ അടിസ്ഥാനമാക്കി എംപ്ലോയീസിൽ നിന്നും ഈടാക്കിയ തുകയല്ല മറിച്ച് ഓഡിറ്റ് എൻക്വയറിയുടെ അടിസ്ഥാനത്തിൽ കോൺട്രാക്ടറന്മാരിൽ നിന്നും ഈടാക്കിയ തുകയാണ്.

8.കുത്തിയതോട് ഗ്രാമ പഞ്ചായത്തിൽ കൃഷി ഓഫീസർ ടെണ്ടർ ഫോമിന്റെ വില ജി.എസ്.റ്റി എന്നീ ഇനങ്ങളിൽ യഥാക്രമം 9200/-രൂപ 1656/-രൂപ എന്നിങ്ങനെ ഈടാക്കിയിട്ടുണ്ട്. എന്നാൽ ഈ തുക പഞ്ചായത്തിൽ വരവിലെടുത്തിരിക്കുന്നത് ഉണഭോക്തൃ വിഹിതം എന്നയിനത്തിലാണ്.

8.പഞ്ചായത്തിന്റെ വാടക രജിസ്റ്റർ പ്രകാരം വാടകയിനത്തിൽ /-രൂപ ലഭിക്കാനുള്ളതായി രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-15പ്രകാരം ഈയിനത്തിൽ തുകകളൊന്നും ലഭിക്കാനുള്ളതായി രേഖപ്പെടുത്തിയിട്ടില്ല.

9.രസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ RP-1പ്രകാരം Profession Tax Employees ഇനത്തിൽ തൻവർഷം 1438160/-രൂപ വരവ് രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ ഇൻകം & എക്സ്പന്റീച്ചർ സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ I-1പ്രകാരം ഈയിനത്തിൽ ഡിമാന്റായി രേഖപ്പെടുത്തിയിരിക്കുന്നത് 1342279/-രൂപ മാത്രമാണ്.

10.വാർഷിക കണക്ക് പ്രകാരമുള്ള വസ്തു നികുതി ഡിമാന്റ്,കളക്ഷൻ,ബാലൻസ് എന്നിവ സഞ്ചയ സോഫ്റ്റ് വെയറിൽ നിന്നുള്ള സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വസ്തു നികുതി ഡിമാന്റ്,കളക്ഷൻ,ബാലൻസ് എന്നിവയുമായി പൊരുത്തപ്പെടുന്നില്ല.

11.ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ പഞ്ചായത്തിന്റെ ആസ്തികൾ സംബന്ധിച്ച പരിശോധന സാധ്യമായില്ല.

12.ബിൽഡിംഗ് പെർമിറ്റ് രജിസ്റ്ററിൽ ഡി.സി.ബി തയ്യാറാക്കി രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ ഈയിനത്തിൽ വാർഷിക കണക്കിൽ ഉൾപ്പെട്ട തുകകളുടെ കൃത്യത ഓഡിറ്റിൽ പരിശോധിക്കാനായില്ല.

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 14799906 |
| വരവ് | 88229505 |
| ആകെ | 103029411 |
| ചെലവ് | 83577974 |
| നീക്കിയിരിപ്പ് | 19451437 |
| വരവിനങ്ങളിലെ നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലെ നഷ്ടം | 43294 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 509824 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് (എ.സി. ആർ പ്രകാരം) | ആകെ | ഉറവിടത്തിൽ കുറവ് ചെയ്തത് | ചെലവ് (എ.സി.ആർ പ്രകാരം) | നീക്കി ബാക്കി |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | | 11599722 | 11599722 | 3001866 | 11388134 | 211588 (ലാപ്സായി) |
| വികസന ഫണ്ട് (എസ്.സി.പി.) | | 4197764 | 4197764 | 73334 | 4185666 | 12098 (ലാപ്സായി) |
| വികസന ഫണ്ട് (റ്റി.എസ്.പി) | | 142128 | 142128 | -- | 124000 | 19128 (ലാപ്സായി) |
| സംരക്ഷണ ഗ്രാൻറ് (റോഡ്) | | 4932000 | 4932000 | -- | 1518600 | 3413400 (ലാപ്സായി) |
| സംരക്ഷണ ഗ്രാൻറ് (റോഡിതരം) | | 7324650 | 7324650 | -- | 3064794 | 4259856 (ലാപ്സായി) |
| 13-ാം ധനകാര്യ കമ്മീഷൻ അവാർഡ് (ടൈഡ്) | | 4711986 | 4711986 | -- | 2186948 | 2525038 (195444/-രൂപ ലാപ്സായി 2329594/-രൂപ നീക്കിയിരിപ്പ്) |

| | | | | | | |
|---|---|---|---|---|---|---|
| 13-ാം ധനകാര്യ കമ്മീഷൻ അവാർഡ് (അൺടൈഡ്) | | 9016040 | 9016040 | -- | 5854865 | 3161175 (948393/- രൂപ ലാപ്സായി 2212782/-രൂപ നീക്കിയിരിപ്പ്) |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 153 | 107323141 | 104 | 47329700 | | 49 | 67.97% |

## 1-6 തൊഴിലുറപ്പ് പദ്ധതി

തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 7215 | 1095687 | 1102902 | 1098758 | 4144 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | | 52117242 | 52117242 | 52117242 | |
| ആകെ | 7215 | 53212929 | 53220144 | 53216000 | 4144 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 67080 | 63 |
| കർഷകതൊഴിലാളി പെൻഷൻ | 3003200 | 181 |
| വിധവാപെൻഷൻ | 11095800 | 746 |
| വാർദ്ധക്യകാലപെൻഷൻ | 32303100 | 2514 |
| വികലാംഗപെൻഷൻ | 4667700 | 296 |
| അവിവാഹിത പെൻഷൻ | 1455200 | 98 |
| വിധവകളുടെ പെണ്മക്കളുടെ വിവാഹ ധനസഹായം | 180000 | 6 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 25.08.2022, 3.15-ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 3451/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു

## 1-9 ആഭ്യന്തരനിയന്ത്രണം.

ഗ്രാമപഞ്ചായത്തുകളിൽ സുതാര്യവും ജനകീയവും വികസനപരവുമായ പ്രവർത്തനം സാധ്യമാക്കുവാൻ ആഭ്യന്തര നിയന്ത്രണവും ഭരണ നിർവ്വഹണവും കാര്യക്ഷമമാക്കുന്നതിനായി 02.7.2009 ലെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 123/09 നമ്പർ ഉത്തരവ് പ്രകാരം നിലവിൽ വന്ന ഫ്രണ്ട് ഓഫീസ് സംവിധാനം പ്രവർത്തിക്കുന്നു. പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണെങ്കിലും താഴെ പറയുന്ന അപാകതകൾ ഉള്ളതായി കാണുന്നു.

1.ഭരണ സമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്ന തിനായി വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

2. കാലഹരണപ്പെട്ടതും പ്രവർത്തന രഹിതവുമായ ആസ്തികൾക്ക് പ്രത്യേക രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആസ്തികൾ സംബന്ധിച്ച കൃത്യമായ വിവരങ്ങൾ ഇപ്പോഴും പഞ്ചായത്തിന്റെ കൈവശമില്ല.

3. 1994ലെകേരള പഞ്ചായത്ത് രാജ് നിയമവും ചട്ടങ്ങളും, ചട്ടം 3 പട്ടിക1 പ്രകാരം ഗ്രാമ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളും പഞ്ചായത്തിൽ നിന്നുള്ള അനുമതിപത്രത്തിന്റെ അടിസ്ഥാനത്തിലാണ് പ്രവർത്തിക്കുന്നതെന്ന് ഉറപ്പുവരുത്തുന്നില്ല. ഭാഗം 1 ശ്രദ്ധിച്ചാലും.

4.പല ചെലവുകളുടേയും ചെക്ക് ഇഷ്യൂ ചെയ്ത് ദിവസങ്ങൾക്ക് ശേഷമാണ് പേയ്മെന്റ് വൗച്ചർ ജനറേറ്റ് ചെയ്തിട്ടുള്ളത്.

മേൽ അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യ / വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ സത്വര ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

## 1-10 പഞ്ചായത്തിനർഹതപ്പെട്ട തുക യഥാസമയം പഞ്ചായത്ത് ഫണ്ടിലേയ്ക്ക് വരവ് വയ്ക്കപ്പെടാത്തത് സംബന്ധിച്ച്.

കുത്തിയതോട് ഗ്രാമപഞ്ചായത്തിൽ പൊതുജനങ്ങളിൽ നിന്നും വിവിധ നികുതികൾ സ്വീകരിക്കുന്നതിനും പൊതുജനങ്ങൾക്ക് നല്കുന്ന വിവിധ സേവനങ്ങളുടെ ഫീസ് സ്വീകരിക്കുന്നതിനുമായി സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ കുത്തിയതോട് ശാഖയിൽ ഒരു അക്കൌണ്ട് (36268249784) ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത അക്കൌണ്ടിന്റെ റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ Cheques Deposited But Not Cleared എന്നതിനു കീഴെ ധാരാളം തുകകൾ ഉൾപ്പെടുത്തിയിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടു. പഞ്ചായത്തിൽ അന്വേഷിച്ചതിൽ പൊതുജനങ്ങൾ ഓൺലൈനായി പഞ്ചായത്തിലേയ്ക്ക് ഒടുക്കുന്ന തുകകൾ ഐ.കെ.എം-ന്റെ പൂളിംഗ് ബാങ്ക് അക്കൌണ്ട് മുഖേനയാണ് പഞ്ചായത്തിന്റെ അക്കൌണ്ടിലേയ്ക്ക് വരുന്നതെന്നും പൊതുജനങ്ങൾ പണം ഒടുക്കി നാളുകൾ കഴിഞ്ഞതിനു ശേഷമാണ് പഞ്ചായത്തിന്റെ അക്കൌണ്ടിലേയ്ക്ക് ഈ തുകകൾ ക്രഡിറ്റ് ചെയ്യപ്പെടുന്നതെന്നും അറിയിച്ചു. റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ 14.09.2021 മുതൽ 23.03.2022 വരെ വിവിധയിനങ്ങളിലായി പൊതുജനങ്ങൾ പഞ്ചായത്തിലേയ്ക്കൊടുക്കിയ 10816/-രൂപ സാമ്പത്തിക വർഷാവസാനവും ഐ.കെ.എം-ന്റെ അക്കൌണ്ടിൽ തന്നെ നിലനില്ക്കുന്നതായാണ് മനസിലാകുന്നത്. പഞ്ചായത്തിനർഹതപ്പെട്ട തുക 6 മാസത്തിലധികമായി ഐ.കെ.എം-ന്റെ അക്കൌണ്ടിൽ അവശേഷിക്കുന്നത് പഞ്ചായത്തിന്റെ ഉത്തമ താത്പര്യങ്ങൾക്ക് ആശാസ്യമല്ല.

പഞ്ചായത്തിനു ലഭ്യമാകേണ്ട തുകകൾ യഥാസമയം പഞ്ചായത്തിന്റെ അക്കൌണ്ടിലേയ്ക്ക് ക്രഡിറ്റ് ചെയ്ത് ലഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് ഭരണസമിതി മുൻകൈ എടുക്കേണ്ടതാണ്.

## 1-11 ഇ.എം.ഡി ഇനത്തിൽ കൈപ്പറ്റിയ ചെക്കുകൾ പണമാക്കാതെ സൂക്ഷിച്ചു.

കുത്തിയതോട് ഗ്രാമ പഞ്ചായത്തിൽ കൃഷി ഓഫീസർ നിർവഹണോദ്യോഗസ്ഥയായി 2021-22 സാമ്പത്തിക വർഷം നടപ്പാക്കിയ പദ്ധതികളിൽ ടെണ്ടർ നടപടിക്രമങ്ങളുടെ ഭാഗമായി ഇ.എം.ഡി ഇനത്തിൽ നാലുകെട്ടിൽ ഏജൻസി കളർകോട്, ആലപ്പുഴ എന്ന സ്ഥാപനത്തിൽ നിന്നും കൈപ്പറ്റിയ താഴെപ്പറയുന്ന ചെക്കുകൾക്ക് രസീപ്റ്റ് നല്കുകയോ ആയത് പണമാക്കി മാറ്റുകയോ ചെയ്യാതെ ഫയലിനോടൊപ്പം സൂക്ഷിച്ചിരിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം./പേര് | ചെക്ക് നം. തീയതി | തുക (രൂപ) |
|---|---|---|---|
| 1 | സുഭിക്ഷ കേരളം ഇടവിളകൃഷി വികസനം | 144492 തീ.17.11.2021 | 5000 |
| | 6 / സമഗ്ര തെങ്ങ്കൃഷി വികസനം | 144493 തീ.17.11.2021 | 11625 |
| | 1 / സുഭിക്ഷ കേരളം വീട്ടുവളപ്പിലെ പച്ചക്കറി കൃഷി മൺചട്ടി വിതരണം (വനിത) | 144494 തീ.17.11.2021 | 16875 |
| | ആകെ | | 33500/- |

2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൌണ്ട്സ്) ചട്ടങ്ങൾ ചട്ടം 20(2)(എ) പ്രകാരം നിർവഹണ ഉദ്യോഗസ്ഥർ പഞ്ചായത്തിനു വേണ്ടി കാഷ്, ചെക്ക്, ഡിമാന്റ് ഡ്രാഫ്റ്റ്, ഇന്ത്യൻ പോസ്റ്റൽ ഓർഡർ അല്ലെങ്കിൽ മറ്റ് മാർഗങ്ങൾ മുഖേന പണം സ്വീകരിക്കുമ്പോൾ ഇൻസ്ട്രുമെന്റ് ഏതാണെന്ന് രേഖപ്പെടുത്തി യാതൊരു വീഴ്ചയുമില്ലാതെ രസീത് നല്കേണ്ടതാണെന്ന് പറഞ്ഞിരിക്കുന്നു. മേൽ ചട്ടത്തിന് വിരുദ്ധമായി ലഭിച്ച ചെക്കുകൾക്ക് രസീപ്റ്റ് നല്കുകയോ ആയത് യഥാസമയം പഞ്ചായത്തിൽ ഒടുക്കി ബാങ്ക് അക്കൌണ്ടിലേയ്ക്ക് വരവ് വെയ്ക്കുകയോ ഉണ്ടായില്ല. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.1 തീ.25.08.2022) നല്കിയ മറുപടിയിൽ ടെണ്ടർ നടപടിക്രമങ്ങൾ മുഖേന ആദ്യമായാണ് പദ്ധതി നിർവഹണം നടത്തുന്നതെന്നും അനുഭവ പരിചയത്തിന്റെ കുറവ് മൂലം സംഭവിച്ച പിശകായി പരിഗണിച്ച് പരാമർശം ഒഴിവാക്കി തരണമെന്നും അഭ്യർത്ഥിച്ചിരിക്കുന്നു. ഭാവിയിൽ ഇത്തരം വീഴ്ചകൾ ഉണ്ടാവാതെ സൂക്ഷിക്കണമെന്ന് നിർദേശിക്കുന്നു.

## 1-12 ടെണ്ടർ ഫോം വില ശരിയായ ശീർഷകത്തിൽ അക്കൊണ്ട് ചെയ്യാതിരുന്നത് സംബന്ധിച്ച്.

കുത്തിയതോട് ഗ്രാമ പഞ്ചായത്തിൽ കൃഷി ഓഫീസർ നിർവഹണോദ്യോഗസ്ഥയായി 2021-22 സാമ്പത്തിക വർഷം നടപ്പാക്കിയ പദ്ധതികളിൽ വാങ്ങൽ നടപടി ക്രമങ്ങളുമായി ബന്ധപ്പെട്ട് ടെണ്ടർ ഫോമിന്റെ വില ജി.എസ്.റ്റി എന്നീ ഇനങ്ങളിൽ താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും രസീപ്റ്റ് പ്രകാരം തുക ഈടാക്കിയിട്ടുണ്ട്.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | രസീപ്റ്റ് നം | ടെണ്ടർ ഫോമിന്റെ വില | ജി.എസ്.റ്റി |
|---|---|---|---|---|
| 1 | കെയ്ക്കോ | 20511/1 | 2900 | 522 |
| 2 | നാലുകെട്ടിൽ ഏജൻസീസ് | 20511/2 | 2900 | 522 |
| 3 | റെയ്ഡ്കോ | 20511/3 | 3400 | 612 |
| | ആകെ | | 9200 | 1656 |

18.11.2021-ലെ 1210100518/G040204 നമ്പർ രസീപ്റ്റ് പ്രകാരം ടി തുകകൾ പഞ്ചായത്തിൽ ഒടുക്കിയിട്ടുണ്ട്. എന്നാൽ ടി തുക പഞ്ചായത്തിൽ വരവ് വെച്ചിരിക്കുന്നത് ഗുണഭോക്തൃ വിഹിതം എന്നയിനത്തിലാണ് തന്മൂലം പഞ്ചായത്തിന് തനത് വരുമാനമായി ഉപയോഗിക്കാമായിരുന്ന 9200/-രൂപയും കേന്ദ്ര സംസ്ഥാന സർക്കാരുകളിലേയ്ക്ക് ഒടുക്കേണ്ട 1656/-രൂപയും ചേർത്ത് ആകെ 10856/-രൂപ ഗുണഭോക്തൃ വിഹിതമിനത്തിൽ പഞ്ചായത്തിന്റെ ബാധ്യതയായി മാറി. യഥാർത്ഥ ശീർഷകത്തിലേയ്ക്ക് പണം ഒടുക്കാതിരുന്നതിന്റെ കാരണം വിശദീകരിക്കാനാവശ്യപ്പെട്ട് കൃഷി ഓഫീസർക്ക്

നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.1 തീ.25.08.2022) ടെണ്ടർ ഫോമിന്റെ വില, ജി.എസ്.റ്റി എന്നിവ ഇനം തിരിച്ച് വ്യക്തമായി രസീതിലും ഔട്ട്ഡോർ കളക്ഷൻ രജിസ്റ്ററിലും രേഖപ്പെടുത്തിയാണ് പഞ്ചായത്തിൽ തുകകൾ ഒടുക്കിയിട്ടുള്ളതെന്ന് മറുപടി നല്കി. കൃഷി ഓഫീസറുടെ ഭാഗത്തുള്ള വീഴ്ച മൂലമല്ല ഈ തെറ്റ് സംഭവിച്ചതെന്ന് മറുപടിയിൽ നിന്നും വ്യക്തമാണ്. തെറ്റായ ശീർഷകത്തിൽ തുക അക്കൗണ്ട് ചെയ്യപ്പെട്ടത് പരിഹരിക്കുന്നതിന് പഞ്ചായത്ത് തലത്തിൽ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-13 വാട്ടർ അതോറിറ്റിയിൽ നിന്നും തിരികെ ലഭിച്ച തുക നിശ്ചിത ശീർഷകത്തിലേയ്ക്ക് ഒടുക്കിയില്ല.

വിവിധ അംഗൻവാടികൾക്ക് കുടിവെള്ള കണക്ഷൻ എടുക്കുന്നതിനായി മുൻവർഷങ്ങളിൽ കേരള വാട്ടർ അതോറിറ്റിയിലേയ്ക്ക് നിക്ഷേപിച്ച 211000/-രൂപയിൽ 206778/-രൂപ 16.06.2022- ലെ 271933 നമ്പർ ചെക്ക് പ്രകാരം വാട്ടർ അതോറിറ്റിയിൽ നിന്നും തിരികെ ലഭിച്ചിട്ടുണ്ട്. താഴെപ്പറയുന്ന പ്രവർത്തികൾ ഉപേക്ഷിച്ചതിനാലാണ് ഈ തുകകൾ തിരികെ നല്കിയിരിക്കുന്നത്.

| വർഷം | പ്രോജക്റ്റ് നം./ പേര് | ഫണ്ടിനം | തുക |
|---|---|---|---|
| 2017-18 | 108- വിവിധ അംഗൻവാടികൾക്ക് കുടിവെള്ള കണക്ഷൻ (സ്പിൽ ഓവർ) | മെയി. ഗ്രാന്റ് (നോൺ റോഡ്) | 100000/-രൂപ |
| 2017-18 | 205- വിവിധ അംഗൻവാടികൾക്ക് കുടിവെള്ള കണക്ഷൻ | വികസന ഫണ്ട്-ജനറൽ | 90000/-രൂപ |
| 2020-21 | 222- അംഗൻവാടികൾക്ക് കുടിവെള്ള കണക്ഷൻ ജി.എസ്.റ്റി ഒടുക്കൽ | തനത് ഫണ്ട് | 21000/-രൂപ |
| | ആകെ | | 211000/- രൂപ |

ലഭ്യമായ 206778/-രൂപ കുത്തിയതോട് ഗ്രാമ പഞ്ചായത്തിന് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ കുത്തിയതോട് ശാഖയിലുള്ള ഇ-പേയ്മെന്റ് അക്കൗണ്ടിലേയ്ക്ക് നിക്ഷേപിക്കപ്പെട്ടിട്ടുണ്ട്. മെയിന്റനൻസ് ഗ്രാന്റ്, വികസന ഫണ്ട് എന്നിവയിൽ നിന്നുള്ള തുകകൾ അതത് ഫണ്ടിലേയ്ക്ക് ആർ.ഒ.പി-യായി തിരികെ ഒടുക്കി വിവരം അറിയിക്കേണ്ടതാണ്. വാട്ടർ അതോറിറ്റിയിൽ നിന്നും തിരികെ ലഭിക്കാൻ അവശേഷിക്കുന്ന തുക (211000-206778=4222/-രൂപ) തിരികെ ലഭിക്കാനാവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-14 തൊഴിൽ നികുതി പൂർണ്ണമായും ഈടാക്കുന്നില്ല

1994 ലെ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204,205,1996ലെ കേരള പഞ്ചായത്ത് രാജ് തൊഴിൽ നികുതി ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്ത് പരിധിയിൽ അറുപത് ദിവസത്തിൽ കുറയാതെ ഇടപാട് നടത്തുന്ന ഓരോ കമ്പനിയുടെയും, പൊതുവോ,സ്വകാര്യമായതോ ആയ ഏതെങ്കിലും തൊഴിലിൽ ഏർപ്പെടുന്ന ഏതൊരു സ്ഥാപനം/വ്യക്തിയിൽ നിന്നും ചട്ടങ്ങളിൽ നിഷ്കർഷിക്കും പ്രകാരം അവരുടെ ആദായം അല്ലെങ്കിൽ വിറ്റുവരവ് ആസ്പദമാക്കി ഓരോ അർദ്ധവർഷവും തൊഴിൽ നികുതി ചുമത്തേണ്ടതാണ്. എന്നാൽ 2021-22 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി സംബന്ധിച്ച രജിസ്റ്ററുകളും റിട്ടേണുകളും പരിശോധിച്ചതിൽ പഞ്ചായത്തിന്റെ മരാമത്ത് ജോലികൾ ഏറ്റെടുത്തു നടത്തുന്ന കരാറുകാർ,പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻകടലൈസൻസികൾ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതായി കാണുന്നില്ല. വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (26/1.9.2022) നൽകിയതിന് മറുപടി ലഭ്യമാക്കിയതിൽ മേൽസൂചിപ്പിച്ചിട്ടുള്ള റേഷൻകട ലൈസൻസികളിൽ നിന്നും നികുതി ഈടാക്കുവാൻ കത്ത് നൽകിയിട്ടുള്ളതാണെന്നും കരാറുകാരിൽ നിന്നും നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചു. തൊഴിൽ നികുതി അടയ്ക്കുവാൻ ബാധ്യസ്ഥരായ എല്ലാവരിൽ നിന്നും നികുതി ഈടാക്കി അറിയിക്കേണ്ടതാണ്

## 1-15 വസ്തു നികുതി നിർണ്ണയം

പഞ്ചായത്തിന്റെ വസ്തുനികുതിനിർണ്ണയ ഫയലുകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു

1) സോഫിയ സ്വീറ്റി, ജോവില്ല എന്ന വ്യക്തിയുടെ വാണിജ്യാവശ്യത്തിനായുള്ള കടമുറികൾക്ക് 3/506B,3/506C,3/506D നമ്പറുകളും മുകളിലത്തെനിലയിലുള്ള പാർപ്പിടാവശ്യത്തിനുള്ള കെട്ടിടത്തിന് 3/506G,3506Fഎന്നീ നമ്പരുകളും നൽകിയതിൽ മറ്റെല്ലാ കെട്ടിടങ്ങൾക്കും 5 മീറ്ററിൽ കൂടുതൽ വഴി സൌകര്യമുള്ളതിന് 20% വർദ്ധനവ് നൽകിയിട്ടുണ്ട് എന്നാൽ 3/560C നമ്പർ കടമുറിക്ക് വഴിസൌകര്യത്തിനുള്ള 20% വർദ്ധനവ് നൽകാതെയാണ് നികുതി നിർണ്ണയിച്ചിരിക്കുന്നത്.

2) വസ്തുനികുതി നിർണ്ണയവിവരങ്ങൾ, ബിൽഡിംഗ് പെർമിറ്റ്, ക്രമവത്ക്കരണ ഫീസീടാക്കിയതിന്റെ വിവരങ്ങൾ എന്നിവ ഭൂരിഭാഗം അസസ്മെന്റ് ഫയലുകളിലും ലഭ്യമല്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് ഓഡിറ്റ്എൻക്വയറി (27/1.9.2022)നൽകിയെങ്കിലും മറുപടി ലഭ്യമായില്ല. ക്രമ നം 1 ൽ സൂചിപ്പിച്ചിരിക്കുന്ന കെട്ടിടത്തിന്റെ നികുതി പുനർനിർണ്ണയിച്ച് ഈടാക്കേണ്ടതും നമ്പറിംഗ് ഫയലുകളിൽ ക്രമ നം 2പ്രകാരമുള്ള എല്ലാരേഖകളും ഉൾപ്പെടുത്തേണ്ടതുമാണ്.

## 1-16 ഫാക്ടറികൾക്കും വ്യാപരങ്ങൾക്കും സംരഭകപ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും .ലൈസൻസ് നൽകിയതിലെ അപാകതകൾ

പഞ്ചായത്തിലെ ലൈസൻസ് സംബന്ധിച്ച ഫയലുകളും രജിസ്ററുകളും പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ ഉണ്ട്.

I) 1996 ലെ പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപരങ്ങൾക്കും സംരഭകപ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും .ലൈസൻസ് നൽകൽ) ചട്ടങ്ങൾ ,ചട്ടം 3 പട്ടിക 1 പ്രകാരം ക്ഷീരോല്പ്പാദക സംഘങ്ങൾ (പട്ടിക ക്രമ നം -132), പഞ്ചായത്തിന്റെ ലൈസൻസ് എടുത്തുകൊണ്ട് പ്രവ്രത്തിക്കേണ്ടവയാണ് പഞ്ചായത്തിലെ ലൈസൻസ് സംബന്ധിച്ച ഫയലുകളും രജിസ്ററുകളും പരിശോധിച്ചതിൽ 2021-22 സാമ്പത്തിക വർഷത്തിൽ താഴെപ്പറയുന്ന സ്ഥാപനങ്ങൾ ലൈസൻസ് എടുത്തതായി കാണുന്നില്ല.

1) പള്ളിത്തോട് ക്ഷീരോൽപ്പാദക സഹകരണ സംഘം ,എ 247 ഡി

2) പറയകാട് ക്ഷീരോൽപ്പാദക സഹകരണ സംഘം ,എ 18 ഡി

3) തുറവൂർ വടക്ക് ക്ഷീരോൽപ്പാദക സഹകരണ സംഘം ,എ 251ഡി

4) തഴപ്പ് ക്ഷീരോൽപ്പാദക സഹകരണ സംഘം ,എ 258ഡി

II) 1996 ലെ കേരള പഞ്ചായത്തിരാജ്(അപകടകരവും അസഹഹ്യവുമായ വ്യാപാരങ്ങൾക്കും, ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് 31-10-17 ൽ വരുത്തിയ ഭേദഗതി ചട്ടങ്ങളിലെ പട്ടികII പ്രകാരമുള്ള മൂലധനനിക്ഷേപത്തിന്റ അടിസ്ഥാനത്തിലായിരിക്കണം വാർഷിക ലൈസൻസ് ഫീസീടാക്കേണ്ടത്. 2021-22 സാമ്പത്തിക വർഷത്തേക്ക് ലൈസൻസ് എടുത്തിട്ടുള്ള താഴെകൊടുത്തിരിക്കുന്ന സ്ഥാപനത്തിന്റെ അപേക്ഷയോടൊപ്പം ഹാജരാക്കിയിട്ടുള്ള മറ്റ് വകുപ്പുകളുടെ ക്ലിയറൻസിൽ രേഖപ്പെടുത്തിയിട്ടുള്ള മൂലധനനിക്ഷേം അടിസ്ഥാനപ്പെടുത്തി ഈടാക്കാമായിരുന്ന ലൈസൻസ് ഫീസിനേക്കാൾ വളരെ കുറഞ്ഞ തുകയാണ് ഈടാക്കികൊണ്ടിരിക്കുന്നത്.

| ക്രമ നം | സ്ഥാപനം/വിലാസം | മറ്റ് വകുപ്പുകളിൽ നിന്നുള്ള ക്ലിയറൻസ് | പട്ടിക II പ്രകാരം ഈടാക്കാവുന്ന ലൈസൻസ് ഫീസ് | ഈടാക്കിയ ലൈസൻസ് ഫീസ് |
|---|---|---|---|---|
| 1 | ജയൻ ടി.ഡി,<br>കേയഫുഡ്സ് ഇന്റർനാഷണൽ പ്രൈ.ലിമിറ്റഡ്<br>10/117,118,120,121,126A | PCB/ALP /UCO-1653/10 Dt15.9.2018<br>പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ ലൈസൻസ് പ്രകാരം മൂലധന നിക്ഷേപം- 570ലക്ഷം | 10000/- | 4000/-<br>രസീത് നം-120010103229 23.3.2021 |

III) യന്ത്രസാമഗ്രികൾ പ്രവർത്തിപ്പിക്കുന്നതിനുള്ള ലൈസൻസ് ഫീസ് പുതുക്കുമ്പോൾ പട്ടികIII പ്രകാരമുള്ള ഫീസ് ഈടാക്കേണ്ടതാണെങ്കിലും താഴെകൊടുത്തിരിക്കുന്ന സ്ഥാപനം ലൈസൻസ് ഫീസ് നൽകിയിരിക്കുന്നതിൽ സൂചിപ്പിരിക്കുന്ന പ്രകാരം രേഖപ്പെടുത്തിയിട്ടുള്ള യന്ത്രത്തിന്റെ കുതിരശക്തിക്ക് ആനുപാതികമായി പ്രസ്തുത ചട്ടത്തിലെ പട്ടിക 3 പ്രകാരം ഈടാക്കാവുന്ന മോട്ടോർ റണ്ണിംഗ് ഫീസ് ഈടാക്കിയിട്ടില്ല.

| ക്രമ നം: | വാർഡ് നം/കെട്ടിട നം. | ഉടമസ്ഥന്റെ പേര് | യന്ത്രത്തിന്റെ കുതിര ശക്തി | ഈടാക്കേണ്ടിയിരുന്ന ഫീസ് | ഈടാക്കിയ ഫീസ് | കുറവ് |
|---|---|---|---|---|---|---|
| 1 | 10/117 A | മാനേജിംഗ് ഡയറക്ടർ .വി.കെ.എൽ സീസണിംഗ് | 419.49kw= 562.5 HP | 5625/- | 3670/- | 1955 |

IV)അപേക്ഷകളിൽ ഉപയോഗിക്കുന്നയന്ത്രത്തിന്റെ കുതിരശക്തി,മൂലധന നിക്ഷേപം എന്നിവ കൃത്യമായി രേഖപ്പെടുത്തുന്നില്ല.

V)വാർഡ് അടിസ്ഥാനത്തിലുള്ള സമഗ്രമായ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല.

ഇതു സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (12/31.8.2022)നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ലൈസൻസില്ലാതെ പ്രവർത്തിക്കുന്നസ്ഥാപനങ്ങളെ ലൈസൻസ് പരിധിയിൽ കൊണ്ടുവരേണ്ടതും സ്ഥാപനങ്ങളിൽ നിന്നും ചട്ടപ്രകാരമുള്ള ഫീസ് ഈടാക്കേണ്ടതുമാണ്.

## 1-17 പഞ്ചായത്തിൽരജിസ്റ്റർ ചെയ്യുന്ന മരണം-മരണപ്പട്ടവർ സ്ഥിരതാമസമാക്കിയിരുന്ന പഞ്ചായത്തിൽ യഥാസമയം അറിയിക്കുന്നില്ല

ധനകാര്യ(എസ്.എഫ്.സി.ബി) വകുപ്പിന്റെ 28.8.2021 ലെ 63/2021 ധന.സർക്കുലറിലെ (1)-ാം നമ്പർ നിർദ്ദേശപ്രകാരം മരണം രജിസ്റ്റർ ചെയ്യപ്പെടുന്ന പ്രാദേശിക സർക്കാർ സെക്രട്ടറി മരണപ്പെട്ട വ്യക്തി സ്ഥിരതാമസമാക്കിയിട്ടുള്ള പ്രാദേശിക സർക്കാരിൽ അടുത്തമാസം 10-ാം തീയതിക്കു മുൻപ് മരണവിവരം അറിയിക്കേണ്ടതാണ്. പഞ്ചായത്ത് പരിധിയിൽ ഒരു താലൂക്ക് ആശുപത്രി സ്ഥിതിചെയ്യുന്നതിനാൽ നിരവധി മരണങ്ങൾ ഇവിടെ രജിസ്റ്റർ ചെയ്യുന്നുണ്ട്. പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മരണവിവരങ്ങളും സേവന പെൻഷൻ ഡേറ്റാബേസിലെ വിവരങ്ങളും

ഒത്തുനോക്കിയതിൽ താഴെ കൊടുത്തിട്ടുള്ളവരുടെ പെൻഷൻ നാളിതുവരെ സസ്പെൻഡ് ചെയ്യാത്തതിനാൽ ഓഡിറ്റ് 8/2022 വരെയുള്ള പെൻഷൻതുകയും ബാങ്ക് അക്കൌണ്ടിലേക്ക് നൽകി.

| ക്രമനം | പേര് /വിലാസം | മരിച്ച തീയതി/ രജിസ്റ്റർചെയ്ത തീയതി | പെൻഷൻ തരം /ഐഡി | പ്രാദേശിക സർക്കാർ |
|---|---|---|---|---|
| 1 | സാബു.ടി.കെ , തുരുത്തികാട്ടു നികർത്തിൽ എരമല്ലൂർ | 7.5.2021/ 7.7.2021 | വാർദ്ധക്യകാല പെൻഷൻ 104370202609 | എഴുപുന്ന ഗ്രാമപഞ്ചായത്ത് |
| 2 | ശാന്തകുമാരി കൊറ്റപ്പള്ളി നികർത്ത് പാണാവള്ളി | 3.11.2021/ 29.11.2021 | ,, 104280202001 | പാണാവള്ളി ഗ്രാമ പഞ്ചായത്ത് |
| 3 | ജോസഫ് ലോറൻസ്, എളവന്തറ,അരൂർ | 1.10.2021/ 9.11.2021 | ,, 104380203996 | അരൂർ ഗ്രാമപഞ്ചായത്ത് |
| 4 | ഭവാനി ഈച്ചരേഴത്ത് പട്ടണക്കാട് | 18.2.2022/28.2.2022 | കർഷകത്തൊഴിലാളി പെൻഷൻ 104330100424 | പട്ടണക്കാട് ഗ്രാമപഞ്ചായത്ത് |

മേൽ സൂചിപ്പിച്ചിട്ടുള്ള നിർദ്ദേശമനുസരിച്ച് ടി വ്യക്തികളുടെ മരണം അതാത് പ്രാദേശിക സർക്കാരിൽ അറിയിച്ചിട്ടുണ്ടോ എന്ന് ഓഡിറ്റ് അന്വേഷണം (5/29.8.2022) നൽകിയതിനെ തുടർന്ന് ടി വ്യക്തികളുടെയെല്ലാം മരണവിവരം 31.8.2022ൽ അതാത് പഞ്ചായത്തുകളിൽ അറിയിച്ചിട്ടുള്ളതായി മറുപടി നൽകിയിട്ടുണ്ട്. അനർഹമായകാലയളവിലേക്ക് പെൻഷൻ നൽകുന്നതിലൂടെ സർക്കാരിനുണ്ടാകുന്ന നഷ്ടം ഒഴിവാക്കുന്നതിനായി മറ്റ് പ്രാദേശിക സർക്കാരിൽ സ്ഥിരതാമസമാക്കിയിട്ടുള്ളവരുടെ മരണം ഈ പഞ്ചായത്തിൽ രജിസ്റ്റർ ചെയ്യപ്പെടുന്ന സാഹചര്യത്തിൽ ആയവ യഥാസമയം അതാത് പഞ്ചായത്തുകളിൽ അറിയിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-18 വെള്ളക്കരം കുടിശ്ശിക ഒടുക്കുന്നില്ല- ഫൈൻ വർദ്ധിക്കുന്നു.

കേരള വാട്ടർ അതോറിറ്റിയുടെ 13.04.2021-ലെ 50893 നമ്പർ ഡിമാന്റ് നോട്ടീസ് പ്രകാരം 31.03.2021-ൽ കുത്തിയതോട് ഗ്രാമ പഞ്ചായത്തിലെ പൊതു ടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ 2643/- രൂപ കുടിശ്ശിക ഉണ്ടായിരുന്നു. 2021-22 സാമ്പത്തിക വർഷം വാട്ടർ അതോറിറ്റി 230 ടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ എല്ലാ മാസവും 105666/- രൂപ ഡിമാന്റ് ചെയ്തു വരുന്നു. ടി തുക മാത്രമാണ് പഞ്ചായത്ത് പ്രതിമാസം അടച്ചു പോരുന്നത്. 2021 ഏപ്രിൽ മാസത്തെ ഡിമാന്റ് നോട്ടീസ് (നം.50893 തീ.13.04.2021) പ്രകാരം ഒടുക്കേണ്ട പ്രതിമാസ ബിൽ തുക 105666/-രൂപയായിരുന്നു. എന്നാൽ തന്മാസം 100625/-രൂപ മാത്രമാണ് വാട്ടർ ബിൽ ആയി ഒടുക്കിയിട്ടുള്ളത് (ട്രഷറി ചെക്ക് നം.043716 തീ.28.04.2022). ഏപ്രിൽ മാസത്തെ വാട്ടർ ബിൽ പൂർണമായും ഒടുക്കാതിരുന്നതു മൂലം 5041/-രൂപ കൂടി കുടിശ്ശികയായി മാറുകയുണ്ടായി. ഇപ്രകാരമുള്ള കുടിശ്ശികയ്ക്ക് വാട്ടർ അതോറിറ്റി പ്രതിമാസം 2% നിരക്കിൽ ഫൈൻ ഡിമാന്റ് ചെയ്യുകയും 2021-22 സാമ്പത്തിക വർഷം 09.03.2022-ലെ 61417 നമ്പർ ഡിമാന്റ് നോട്ടീസ് പ്രകാരം ഫൈൻ ഉൾപ്പെടെ കുടിശ്ശിക 9338/-രൂപയായി വർദ്ധിക്കുകയും ചെയ്തിട്ടുണ്ട്.

കുടിശ്ശിക ഒടുക്കാതെ ഫൈൻ വരുത്തി വയ്ക്കുന്നതിന്റെ കാരണം വിശദീകരിക്കാനാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.19 തീ.31.08.2022) വാട്ടർ അതോറിറ്റിക്ക് ഇത് സംബന്ധിച്ച് കത്ത് നല്കിയിട്ടുണ്ടെന്നും മറുപടി ലഭ്യമാകുന്നതിനനുസൃതമായി തുടർനടപടി സ്വീകരിക്കുന്നതാണെന്നും മറുപടി നല്കി. ഈ വിഷയത്തിൽ എത്രയും വേഗത്തിൽ ഒരു തീരുമാനം കൈക്കൊണ്ട് കുടിശ്ശിക തീർപ്പാക്കി പഞ്ചായത്തിന്റെ സാമ്പത്തിക ബാധ്യത വർദ്ധിക്കുന്നതൊഴിവാക്കാനാവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-19 തെരുവ് വിളക്ക് മെയിന്റനൻസ്-നിർമാണ തൊഴിലാളി ക്ഷേമനിധി വിഹിതവും, ആദായ നികുതിയും ട്രഷറി ബില്ലിൽ ഉൾപ്പെടുത്തി കുറവ് ചെയ്തില്ല.

പ്രോജക്റ്റ് നം - 21/21

പ്രോജക്ടിന്റെ പേര് - തെരുവ് വിളക്ക് മെയിന്റനൻസ്

അടങ്കൽ-വികസന ഫണ്ട് - 200000/-

ചെലവ് - 196672/-രൂപ-

(1.ബിൽ റെഫറൻസ് നം.21060652012200414566 തീ.16.09.2021- 75600/-രൂപ

2.ബിൽ റെഫറൻസ് നം.21060652012200977801 തീ.19.01.2022- 60300/-രൂപ

3.ബിൽ റെഫറൻസ് നം.21060652012201486487 തീ.26.03.2022- 60772/-രൂപ)

കുത്തിയതോട് ഗ്രാമ പഞ്ചായത്തിൽ തെരുവ് വിളക്ക് മെയിന്റനൻസ് എന്ന പ്രോജക്ടിനായി തൻവർഷം മേൽ ബില്ലുകൾ പ്രകാരം 196672/-രൂപ-ചെലവഴിച്ചിട്ടുണ്ട്. രേഖകൾ പരിശോധിച്ചതിൽ മേൽ ക്രമ നം.3 ബിൽ നല്കിയപ്പോൾ ബില്ലിൽ നിന്നും കുറവ് ചെയ്യേണ്ട നിർമാണ തൊഴിലാളി ക്ഷേമനിധി വിഹിതവും, ആദായനികുതിയും ട്രഷറി ബില്ലിൽ നിന്നും കുറവ് ചെയ്തതായി കാണുന്നില്ല. 346 തെരുവ് വിളക്ക് മെയിന്റനൻസ് നടത്തിയതിന് പോസ്റ്റൊന്നിന് 180/-രൂപ ക്രമത്തിൽ ആകെ 62280/-രൂപ വികസന ഫണ്ടിൽ നിന്നും പിൻവലിക്കേണ്ടതായിരുന്നു. ആയതിൽ നിന്നും 623/-രൂപ വീതം ആദായ നികുതിയും നിർമാണ തൊഴിലാളി ക്ഷേമനിധി വിഹിതവും കുറവ് ചെയ്തതിനു ശേഷം 61034/-രൂപ

കരാറുകാരന് നല്കേണ്ടതായിരുന്നു. എന്നാൽ മേൽ ക്രമ നമ്പർ 3 പ്രകാരം തയ്യാറാക്കിയ ട്രഷറി ബിൽ മുഖേന 60772/-രൂപ മാത്രമാണ് വികസന ഫണ്ടിൽ നിന്നും പിൻവലിച്ചിരിക്കുന്നത്. ടി തുക പൂർണമായും കരാറുകാരന് നല്കുകയും ചെയ്തു. ആദായ നികുതിയും നിർമാണ തൊഴിലാളി ക്ഷേമനിധി വിഹിതവും കുറവ് ചെയ്യാതിരുന്നത് മൂലം കേന്ദ്ര സംസ്ഥാന സർക്കാരുകൾക്ക് 623/-രൂപ വീതം നഷ്ടം സംഭവിച്ചിട്ടുണ്ട്. ഈ തുക ബന്ധപ്പെട്ട കരാറുകാരനിൽ നിന്നും ഈടാക്കി അതത് വകുപ്പിലേക്ക്/ക്ഷേമനിധി ബോർഡിലേക്ക് ഒടുക്ക് വരുത്തേണ്ടതാണ്.

## 1-20 പ്രോജക്ട് രൂപീകരിക്കാതെ തുക ചെലവഴിച്ചത് സംബന്ധിച്ച്

തദ്ദേശ ഭരണ(പി) വകുപ്പിന്റെ 25.01.1999-ലെ 2800/P3/99/LAD നമ്പർ സർക്കുലർ പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങൾ നിർവഹിക്കുന്ന ദൈനംദിന റിപ്പെയർ വർക്കുകൾക്ക് ജില്ലാ ആസൂത്രണ സമിതിയുടെ മുൻകൂർ അനുമതി ആവശ്യമില്ലായെന്ന് നിർദേശിച്ചിരുന്നു. തദ്ദേശ ഭരണ(പി) വകുപ്പിന്റെ 10.01.2000-ലെ 4676/P3/99/LSGD നമ്പർ സർക്കുലർ പ്രകാരം ഇപ്രകാരം ചെയ്യാവുന്ന പെറ്റി വർക്കുകളുടെ സാമ്പത്തിക പരിധി നിശ്ചയിച്ചും നിർദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം ഗ്രാമ പഞ്ചായത്തുകൾക്ക് 10000/-രൂപ (പതിനായിരം രൂപ) വരെയുള്ള മെയിന്റനൻസ് പ്രവർത്തികൾ പെറ്റി വർക്കായി നിർവഹിക്കാവുന്നതാണ്. അതിനു മുകളിൽ അടങ്കൽ വരുന്ന എല്ലാ പ്രവർത്തികൾക്കും പ്രോജക്ട് രൂപീകരിച്ച് ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരത്തോടു കൂടി വേണം നിർവഹിക്കാൻ. കുത്തിയതോട് ഗ്രാമ പഞ്ചായത്തിൽ 2021-22 സാമ്പത്തിക വർഷം ഏറ്റെടുത്തിരിക്കുന്ന താഴെപ്പറയുന്ന പ്രവർത്തികളുടെ അടങ്കൽ മേൽപരിധിക്ക് മുകളിലായിരുന്നിട്ടു കൂടി ഗ്രാമ പഞ്ചായത്തിന്റെ വാർഷിക പദ്ധതിയിലുൾക്കൊള്ളിക്കുകയോ ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം തേടുകയോ ചെയ്തിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവർത്തിയുടെ പേര് | വൌച്ചർ നം. തീ | ചെക്ക് നം | തുക |
|---|---|---|---|
| പോസ്റ്റ് ഷിഫ്റ്റിംഗ്- ചാവടി പുത്തൻകാവ്- പാട്ടുകുളങ്ങര കുന്നത്ത് റോഡ് | 22100486/ 11.02.2022 | 2973828/ 11.02.2022 | 39479 |
| പോസ്റ്റ് ഷിഫ്റ്റിംഗ്- ചാപ്പൽക്കടവ് മുട്ടുങ്കൽ ഭാഗം | FMFM34849/23.02.2022 | 22100519/ 23.02.2022 | 30798 |
| ആകെ | | | 70277 |

ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം19. തീ.31.08.2022) റോഡ് നിർമാണവുമായി ബന്ധപ്പെട്ട വേളയിലാണ് വാർഡ് മെമ്പർമാർ പോസ്റ്റ് ഷിഫ്റ്റിംഗ് സംബന്ധിച്ച ആവശ്യം ഉന്നയിക്കുന്നതെന്നും നിർമാണ പ്രവൃത്തി അടിയന്തിരമായി പൂർത്തീകരിക്കേണ്ടതിനാലാണ് പഞ്ചായത്ത് കമ്മറ്റിയുടെ തീരുമാനത്തോടെ ഡി.പി.സി അപ്രൂവൽ കൂടാതെ കെ.എസ്.ഇ.ബി-ക്ക് തുക നല്കിയതെന്നും മറുപടി നല്കി. സൈറ്റ് വെരിഫിക്കേഷൻ നടത്തി റോഡ് നിർമാണ പ്രവൃത്തിക്ക് എസ്റ്റിമേറ്റ് എടുക്കുന്ന വേളയിൽ ഇത്തരം തടസങ്ങൾ ശ്രദ്ധയിൽപ്പെടുമെന്നുള്ളതിനാൽ മേൽ മറുപടി അംഗീകരിക്കാനാവില്ല. ചെലവ് തുക (70277/-രൂപ) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.
മേൽ പ്രവർത്തികൾ ഗ്രാമ പഞ്ചായത്തിന്റെ വാർഷിക പദ്ധതിയുടെ ഭാഗമാക്കി ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം വാങ്ങാതിരുന്നതിന്റെ കാരണം അറിയിക്കേണ്ടതാണ്.

## 1-21 സുഭിക്ഷ കേരളം-വീട്ടുവളപ്പിലെ കുളത്തിലെ കൃഷി-34136 രൂപ അധികം നൽകി

പ്രോജക്ട് ന.S0041/22

പ്രോജക്റ്റിന്റെ പേര്- സുഭിക്ഷ കേരളം-വീട്ടുവളപ്പിലെ കുളത്തിലെ കൃഷി

സംസ്ഥാനാവിഷ്കൃത ഫണ്ട്-164000

തനത് ഫണ്ട് -154042

മറ്റുള്ളവ -450000

ആകെ അടങ്കൽ -768042
ചെലവ് -102400

80 ച.മീ.(രണ്ടു സെന്റ്) വിസ്തീർണ്ണമുള്ള കുളം. 40സെ.മീ.ആഴത്തിൽ കുഴിയെടുത്ത് പ്രസ്തുത മണ്ണ് ഉപയോഗിച്ച് കുളത്തിന് ചുറ്റുമായി 110 സെ.മീ.ഉയരത്തിൽ ബണ്ട് രൂപീകരിച്ചശേഷം കുളത്തിൽ പടുത വിരിക്കൽ, അടിത്തട്ട് ഒരുക്കൽ, 125 സെ.മീ ഉയരത്തിൽ ജലം നിറയ്ക്കൽ, സംരക്ഷിത വല സ്ഥാപിക്കൽഎന്നീ പ്രവൃത്തികൾ നിർവ്വഹിച്ച് 1000 മത്സ്യ കുഞ്ഞുങ്ങളെ നിക്ഷേപിച്ച് വളർത്തുന്നതിന് ആകെ യൂണിറ്റ് ചെലവ് 123000 രൂപയെന്ന് കണക്കാക്കിയിട്ടുണ്ട്. പൊതു വിഭാഗം ഗുണഭോക്താക്കൾക്ക് യൂണിറ്റ് ചെലവിന്റെ 40% സബ്സിഡിയായി അനുവദിക്കുന്നതാണ്. സ. ഉ (സാധാ) നം -1009/2020 / തസ്വഭവ തീയതി 29-05-2020 നമ്പർ ഉത്തരവ് പ്രകാരം സബ്സിഡി തുകയുടെ മൂന്നിൽ രണ്ടുഭാഗം തദ്ദേശഭരണ സ്ഥാപനവും മൂന്നിലൊന്ന് ഭാഗം ഫിഷറീസ് വകുപ്പുമാണ് വഹിക്കേണ്ടത്. എന്നാൽ ഗുണഭോക്താക്കൾക്ക് അവർ ഹാജരാക്കിയ ബില്ലുകളും വൗച്ചറുകളുടെയും അടിസ്ഥാനത്തിൽ 40% സബ്സിഡി തുകയും ഗ്രാമപഞ്ചായത്തിൽ നിന്നും നൽകുകയാണ് ചെയ്തിരിക്കുന്നത്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമനം. | ഗുണഭോക്താവിന്റെ പേര് | ചെലവഴിച്ച തുക | അനുവദനീയമായ ചെലവ് | നൽകിയ സബ്സിഡി @40% | നൽകാവുന്ന സബ്സിഡി(2/3 Of40%) | അധികം നൽകിയതുക |
|---|---|---|---|---|---|---|
| 1 | ബീന എസ് | 28016 | 26000 | 10400 | 6933 | 3467 |
| 2 | സജീബ് എ എസ് | 26410 | 26000 | 10400 | 6933 | 3467 |
| 3 | പ്രശാന്ത് പി.എം | 28040 | 26000 | 10400 | 6933 | 3467 |
| 4 | കൊച്ചുമുഹമ്മദ് | 27486 | 26000 | 10400 | 6933 | 3467 |

| | | | | | | |
|---|---|---|---|---|---|---|
| 5 | എൻ.ദയാനന്ദൻ | 27840 | 26000 | 10400 | 6933 | 3467 |
| 6 | എ.എൽ. സെബാസ്റ്റ്യൻ | 23836 | 22000 | 8800 | 5867 | 2933 |
| 7 | ശ്രീനിവാസൻ | 28838 | 26000 | 10400 | 6933 | 3467 |
| 8 | പ്രദീപ് വി | 29692 | 26000 | 10400 | 6933 | 3467 |
| 9 | പ്രകാശൻ | 28961 | 26000 | 10400 | 6933 | 3467 |
| 10 | സാബുമോൻ ജി | 28007 | 26000 | 10400 | 6933 | 3467 |
| | | | 256000 | 102400 | 68264 | 34136 |

സബ്സിഡി തുകയുടെ മൂന്നിൽ രണ്ടുഭാഗം മാത്രം തദ്ദേശഭരണ സ്ഥാപനം നൽകിയാൽ മതിയാകും എന്നിരിക്കെ സബ്സിഡി മാനദണ്ഡങ്ങൾ പാലിക്കതെ 40% തുകയും അനുവദിച്ചതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.4/29.08.2022) മറുപടി ലഭിച്ചില്ല. അധികം നൽകിയ 34136/-രൂപ തിരികെ ഈടാക്കേണ്ടതാണ്. അല്ലാത്തപക്ഷം നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാദ്ധ്യതയായി കണക്കാക്കുന്നതാണ്.

ചെലവ് വിവരം

1.20800/-(ബിൽ നം.387 /22.03.2022)

2.20800/-(ബിൽ നം.418 /27.03.2022)

3.29600/-(ബിൽ നം.407 /26.03.2022)

4.20800/-(ബിൽ നം.396 /24.03.2022)

5.10400/-(ബിൽ നം.427 /30.03.2022)

## 1-22 ഐ.കെ.എം വിഹിതം നല്കൽ- വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല.

പ്രോജക്റ്റിന്റെ പേര് : ഐ.കെ.എം വിഹിതം നല്കൽ

പ്രോജക്റ്റ് നം. : 3/2022

അടങ്കൽ : വികസന ഫണ്ട് - 63458/-

ചെലവ് : 63458/- (ബിൽ റെഫറൻസ് നം.2106065201220032l839 തീ.17.08.2021)

നിർവഹണം: സെക്രട്ടറി

കുത്തിയതോട് ഗ്രാമ പഞ്ചായത്തിൽ നിന്നും ഐ.കെ.എം-നുള്ള വിഹിതമായി മേൽ പ്രോജക്റ്റ് പ്രകാരം 63458/- രൂപ ഐ.കെ.എം-ന്റെ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്ത് നല്കിയിട്ടുണ്ട്. എന്നാൽ ഈ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ഫയലിൽ ലഭ്യമല്ല. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.19 തീ.31.08.2022) വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറക്ക് ഹാജരാക്കുന്നതാണെന്ന് മറുപടി നല്കി. ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-23 ചട്ടങ്ങൾ പാലിക്കാതെ തനത് ഫണ്ടിൽ നിന്ന് ചെലവുകൾ നടത്തി

2011 ലെ കേരള പഞ്ചായത്ത് രാജ്(അക്കൗണ്ട്സ്) ചട്ടങ്ങൾ - ചട്ടം 29 (2) പ്രകാരം പഞ്ചായത്ത് ഫണ്ടിൽ നിന്നുള്ള ഏതൊരു ചെലവും ചെയ്യുന്നതിനു മുൻപ് , ചെലവ് ചെയ്യാൻ അധികാരപ്പെട്ട ഉദ്യോഗസ്ഥൻ ഒരു ബിൽ തയ്യാറാക്കേണ്ടതും പണം ലഭിക്കാനുള്ള വ്യക്തിയുടെ ക്ലെയിമും ബന്ധപ്പെട്ടരേഖകളും അതോടൊപ്പം കൂട്ടിച്ചേർക്കേണ്ടതുമാണ്. എന്നാൽ ഗ്രാമ പഞ്ചായത്തിൽ ആദ്യം ചെലവ് ചെയ്യുകയും ദിവസങ്ങൾക്ക് ശേഷം ബിൽ തയ്യാറാക്കുകയുമാണ് ചെയ്യുന്നത്. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ചെക്ക് നം./തീയതി | തുക പിൻവലിച്ച തീയതി | വൗച്ചർനം./തീയതി | തുക/ഇനം |
|---|---|---|---|
| 2973838/04.03.2022 | 05.03.2022 | വൌച്ചർ നം – 22100615 തീയതി. 31.03.2022160000 | 160000/- മഴക്കാല പൂർവ്വ ശുചീകരണം |
| 048661/10.12.2021 | 18.12.2021 | 22100267/30.12.2021 | 14810/-ന്യൂസ് പേപ്പർ ചാർജ് |
| 048662/10.12.2021 | 13.12.2021 | 22100268/30.12.2021 | 5413/- ന്യൂസ് പേപ്പർ ചാർജ് |

ഐ. എൽ. ജി .എം.എസ്. ആദ്യമായി കൈകാര്യം ചെയ്യുപ്പോൾ ഉണ്ടായ പിഴവാണെന്നും തുടർന്ന് ശ്രദ്ധിക്കുന്നതാണെന്നും ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( നം.14/31.08.2022) മറുപടി ലഭ്യമാക്കി. ചെലവുകൾ ചട്ടങ്ങൾ പാലിച്ച് മാത്രം നടത്തുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു

## 1-24 മരുന്ന് പൂർണ്ണമായും ലഭ്യമായില്ല

ഹോമിയോ ആശുപത്രിക്ക് മരുന്നുവാങ്ങൽ-പ്രോജക്ട് നം S00134/22

അടങ്കൽ- 200000(തനതു ഫണ്ട്)

ചെലവ്

ചെക്ക് നം 363998/3.1.22 -200000/- രൂപ

ഹോമിയോ ആശുപത്രിക്ക് മരുന്നുവാങ്ങൽ എന്ന പ്രോജക്ടിൽ ഹോംകോയുടെ PF -1087/1.12.21-ാം നമ്പർ പ്രഫോർമ ഇൻവോയിസ് പ്രകാരം 200000/- രൂപ നൽകിയിട്ടുണ്ടെങ്കിലും നാളിതുവരെ മരുന്ന് ലഭിച്ചിട്ടില്ലാത്തതായികാണുന്നു. മരുന്ന് ലഭ്യമാകുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയതിന് (13/31.8.2022) മറുപടിയായി 29.8.2022-ാം തീയതി LF/61/22-23നമ്പർ ഇൻവോയിസ് പ്രകാരം 42887/-രൂപയുടെ മരുന്നുകൾ ലഭിച്ചത് സ്റ്റോക്കിലെടുത്തതിന്റെ രേഖകളും ഹോംകോയുമായി നടത്തിയ കത്തിടപാടുകളുടെ വിവരങ്ങളും ലഭ്യമാക്കിയിട്ടുണ്ട്. 157113/-രൂപയുടെ മരുന്ന് ലഭ്യമായതിന്റെ രേഖകൾ ഹാജരാക്കുന്നതു വരെ 157113/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

## 1-25 പി.എച്ച്.സി. മെഡിക്കൽ ഓഫീസർ നടപ്പാക്കിയ പ്രോജക്ടുകൾ -മരുന്ന്/ ഉപകരണങ്ങൾ പൂർണ്ണമായി ലഭിച്ചില്ല.

1.പ്രോജക്ട് നം. S0060/2022 പള്ളിത്തോട് പി.എച്ച്.സി. ക്ക് മരുന്ന് വാങ്ങൽ

അടങ്കൽ - 100000 (മെയ്ന്റനൻസ് ഗ്രാന്റ് -നോൺ റോഡ്)

ചെലവ് - 100000 (ബിൽ നം.12/23.11.2021)

മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ PRF3296/10.11.2021 നമ്പർ ഇൻവോയ്സ് പ്രകാരം 100000 രൂപ 23.11.2021ൽ സ്ഥാപനത്തിന് കൈമാറിയിട്ടുണ്ട്. എന്നാൽ മരുന്ന് പൂർണ്ണമായും ലഭ്യമായിട്ടില്ല. വിശദാംശം ചുവടെ.

| നൽകിയതുക | ലഭിച്ച മരുന്ന് | ഇൻവോയ്സ് നം./തീയതി | ലഭിക്കാൻ ബാക്കിയുള്ളത് |
|---|---|---|---|
| 100000 | 13529/- | 1041/24.04.2022 | 63044 |
| | 22425/- | 4881/23.06.2022 | |
| | 1002/- | 6910/27.07.2022 | |

2.പ്രോജക്ട് നം. S0061/2022 വയോജനങ്ങൾക്ക് മരുന്ന്

അടങ്കൽ - 100000(മെയ്ന്റനൻസ് ഗ്രാന്റ് -നോൺ റോഡ്)

ചെലവ് - 100000(ബിൽ നം.08/29.10.2021)

മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ PRF2895/23.10.2021 നമ്പർ ഇൻവോയ്സ് പ്രകാരം 100000 രൂപ 23.10.2021ൽ സ്ഥാപനത്തിന് കൈമാറിയിട്ടുണ്ട്. എന്നാൽ മരുന്ന് നാളിതുവരെയും ലഭ്യമായിട്ടില്ല.

3.പ്രോജക്ട് നം. S0059/2022 സാന്ത്വന പരിചരണം

നിർവ്വഹണം - പി.എച്ച്.സി. മെഡിക്കൽ ഓഫീസർ

അടങ്കൽ - 810000(വികസനഫണ്ട്)

ചെലവ് - 654083

സാന്ത്വന പരിചരണത്തിനാവശ്യമായ മരുന്ന്/ ഉപകരണങ്ങൾ വാങ്ങുന്നതിനായി മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ PRF3595/26.11.2021 , PRF3177/03.11.2021 എന്നീ ഇൻവോയ്സുകൾ പ്രകാരം തുക സ്ഥാപനത്തിന് കൈമാറിയിട്ടുണ്ട്. എന്നാൽ മരുന്ന്/ഉപകരണങ്ങൾ പൂർണ്ണമായും ലഭ്യമായിട്ടില്ല. വിശദാംശം ചുവടെ

| നൽകിയതുക | ലഭിച്ച മരുന്ന് | ഇൻവോയ്സ് നം./തീയതി | ലഭിക്കാൻ ബാക്കിയുള്ളത് |
|---|---|---|---|
| 70000/-ബിൽനം.13 /13.01.2022 | 16866/- | 4885/23.06.2022 | 52946 |
| | 188/- | 6472/21.0672022 | |
| 143635/- ബിൽ നം. 11/ 09.11.2021 | 49275 | 1478/03.05.2022 | 2986 |
| | 70189 | 2450/18.05.2022 | |
| | 21185 | 7049/27.07.2022 | |
| ആകെ | | | 55932 |

മരുന്ന് ലഭ്യമാക്കാൻ സ്വീകരിച്ച നടപടിയുടെ വിശദാംശം അറിയിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.3 /29.08.2022&15/31.08.2022) മറുപടി ലഭിച്ചില്ല. ലഭ്യമാകാത്ത മരുന്നിന്റെ ചെലവ് 218976 രൂപ (55932+100000+63044) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മരുന്ന് ലഭ്യമാക്കി രേഖകൾ ഹാജരാക്കുന്നമുറയ്ക്ക് ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതാണ്.

## 1-26 വനിതകൾക്ക് ആട്ടിൻകുട്ടി വിതരണം- മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിച്ചില്ല

പ്രോജക്ട്നം.S0042/22 -വനിതകൾക്ക് ആട്ടിൻകുട്ടി വിതരണം

വികസന ഫണ്ട് -400000,തനത് ഫണ്ട്-2000,മറ്റുള്ളവ-402000

ആകെ അടങ്കൽ--804000

ചെലവ്

102000/-(ബിൽ നം.4/19.02.2022)

258000/-(ഗുണഭോക്തൃ വിഹിതം)

വെറ്ററിനറി സർജൻ നടപ്പാക്കിയ വനിതകൾക്ക് ആട്ടിൻകുട്ടി വിതരണം എന്ന പ്രോജക്ടിൽ 50% സബ്സിഡിയോടുകൂടി 43 ഗുണഭോക്താക്കൾക്കാണ് ആനുകൂല്യം നൽകിയിട്ടുള്ളത്. പ്രോജക്ടിലെ ന്യൂനതകൾ ചുവടെ ചേർക്കുന്നു.

(1) ഗുണഭോക്തൃലിസ്റ്റിലുള്ള 25 പേരെ കൂടാതെ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്ത, ആടിനെ വാങ്ങാൻ താല്പര്യമുള്ള 18 വ്യക്തികൾക്ക് കൂടി ആട് വിതരണം ചെയ്തത് വാർഡ് മെമ്പർമാരുടെ ശുപാർശയോടുകൂടി അംഗീകരിച്ചിട്ടുണ്ട്. (ഗ്രാമപഞ്ചായത്തിന്റെ 19.03.2022 ലെ 3/15 നമ്പർ തീരുമാനം) എന്നാൽ പ്രസ്തുത ഗുണഭോക്താക്കളെ ഗ്രാമസഭയിൽ ഉൾപ്പെടുത്തി അംഗീകരിച്ചതിന്റെ രേഖയില്ല. ഇപ്രകാരം ഗുണഭോക്താക്കളെ ഗ്രാമസഭയിൽ അംഗീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.7/30.08.2022) അഡീഷണൽ ലിസ്റ്റിൽ ഉൾപ്പെടുത്തിയ 18 വ്യക്തികളുടെ ലിസ്റ്റ് അടുത്ത ഗ്രാമസഭയിൽ ഉൾപ്പെടുത്തി സാധൂകരണം ലഭ്യമാക്കുന്നതാണെന്ന് മറുപടി നൽകി. പ്രസ്തുത ഗുണഭോക്താക്കളെ ഗ്രാമസഭ അംഗീകരിച്ചതിന്റെ രേഖകൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

പ്രോജക്ടുകൾ നടപ്പാക്കുമ്പോൾ സബ്സിഡി മാനദണ്ഡങ്ങൾ പാലിച്ച് നടപ്പാക്കുവാൻ ശ്രദ്ധിയ്ക്കേണ്ടതാണ്

(2) വനിതകൾക്കും പുരുഷൻമാർക്കും ഒരുപോലെ പ്രയോജനം ലഭിക്കുന്ന പ്രോജക്ടുകൾ വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ പാടില്ലാത്തതാണ്. വനിതകളുടെ സാമൂഹ്യ സാമ്പത്തിക പദവി ഉയർത്തുന്നതിന് ഉതകുന്ന പ്രവർത്തനങ്ങളാണ് നടത്തേണ്ടത്. ഈ സാഹചര്യത്തിൽ പ്രസ്തുത പ്രോജക്ട് വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കിയത് ക്രമപ്രകാരമല്ല. വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്താവുന്ന പ്രോജക്ടുകൾമാത്രം അത്തരം വിഭാഗത്തിൽ ഏറ്റെടുത്ത് നടപ്പാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

(3) സുലേഖ ചെലവ് പത്രികയിൽ 43 ഗുണഭോക്താക്കളുടെയും ഗണഭോക്തൃ വിഹിതമായ 258000/-രൂപയാണ് ചെലവ് രേഖപ്പെടുത്തിയിട്ടുള്ളത് (@6000/-). എന്നാൽ വികസന ഫണ്ട് ചെലവ് 102000/-രൂപ മാത്രമാണ്. ആനുപാതികമായ ചെലവ് വികസന ഫണ്ടിൽ വന്നിട്ടില്ല. വിശദാംശം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.7/30.08.2022) പ്രസ്തുത പ്രോജക്ട് പൂർത്തിയാകാത്തതിനാൽ സ്പിൽഓവർ പ്രോജക്ടായി 2022-23ൽ നിർവ്വഹണം തുടരുന്നതിന് പഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുത്തിട്ടുണ്ടെന്ന് (നം. 1(4)തീയതി.20.06.2022) വെറ്ററിനറി സർജൻ മറുപടി ലഭ്യമാക്കി. പദ്ധതി സ്പിൽ ഓവറായി പൂർത്തീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-27 ലൈഫ് ഭവന പദ്ധതി- നിർമാണം പൂർത്തീകരിക്കാത്തത് സംബന്ധിച്ച്

ലൈഫ് ഭവന പദ്ധതിയുടെ രജിസ്റ്റർ പരിശോധിച്ചതിൽ 2018-19 സാമ്പത്തിക വർഷം ആദ്യ ഗഡു കൈപ്പറ്റിയ താഴെപ്പറയുന്ന ഗുണഭോക്താക്കൾ നാളിതുവരെയായും ഭവന നിർമാണം പൂർത്തിയാക്കിയിട്ടില്ല.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | ആദ്യ ഗഡു കൈപ്പറ്റിയ തീയതി | ആകെ കൈപ്പറ്റിയ തുക |
|---|---|---|---|
| 1 | നബീസ ജബ്ബാർ ഷെബീർ മൻസിൽ | 08.02.2019 | 300000/-രൂപ |
| 2 | അപർണ പ്രണൂബ് ശ്രീനന്ദനം | 25.06.2019 | 360000/-രൂപ |

മേൽ ഗുണഭോക്താക്കൾക്ക് ഭവന നിർമാണം പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-28 ഫെസ്റ്റിവൽ അഡ്വാൻസ് 3000/- രൂപ ഈടാക്കാൻ ബാക്കിനിൽക്കുന്നു

2021-22 വർഷത്തിൽ ഗ്രാമ പഞ്ചായത്തിലെ ജീവനക്കാർക്ക് ഫെസ്റ്റിവൽ അഡ്വാൻസ് ഇനത്തിൽ 120000 രൂപയാണ് നൽകിയിട്ടുള്ളത്.(വൗച്ചർ നം.22100466/18.08.2021)എന്നാൽ അഡ്വാൻസ് രജിസ്റ്റർ പരിശോധിച്ചതിൽ ശ്രീമതി.ബിനിമോൾ, സീനിയർക്ലർക്കിന് നൽകിയ 15000/- രൂപയിൽ 3000/-രൂപ തിരികെ അടയ്ക്കാൻ ബാക്കിയുണ്ട്. തുക തിരികെ ഈടാക്കാൻ സ്വീകരിച്ച നടപടിയുടെ വിവരങ്ങൾ അറിയിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.14/31.08.2022) പ്രസ്തുത തുക ഒടുക്കിയിട്ടുണ്ടെന്നും വിശദാംശം അറിയിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി . തുക തിരികെ ഈടാക്കിയതിന്റെ രേഖ ആദ്യ മറുപടിയോടൊപ്പം ഹാജരാക്കേണ്ടതാണ്.

## 1-29 വാഹന പരിപാലനം -ന്യൂനതകൾ

I.കെഎൽ 32 ഇ 5050 രജിസ്ട്രേഷനോടു കൂടിയ പഞ്ചായത്തിന്റെ ഔദ്യോഗിക വാഹനത്തിന്റെ പരിപാലനവുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന രേഖകൾ ഹാജരാക്കിയില്ല.
1.വാഹനത്തിന്റെ ഇന്ധന ക്ഷമതാ ടെസ്റ്റിന്റെ രേഖ
2.റിപ്പയർ രജിസ്റ്റർ
3.സ്റ്റോക്ക് രജിസ്റ്റർ
4. ഫ്യുവൽ രജിസ്റ്റർ

II ലഭ്യമാക്കിയ 2021-22ലെ രജിസ്റ്റർ അപൂർണ്ണമാണ്
അതാതു മാസത്തെ ഇന്ധന ഉപഭോഗത്തെ സംബന്ധിച്ചും, യാത്ര ചെയ്ത ദൂരത്തെ സംബന്ധിച്ചുമുള്ള സംക്ഷിപ്തം എഴുതി സൂക്ഷിച്ചിട്ടില്ല. അറ്റകുറ്റപ്പണി സംബന്ധിച്ച വിവരങ്ങൾ ലോഗ് ബുക്കിൽ ചേർത്ത് സൂക്ഷിക്കുന്നില്ല. കസ്റ്റോഡിയന്റെയോ, കസ്റ്റോഡിയൻ ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥന്റെയോ സാന്നിധ്യത്തിലായിരിക്കണം ഇന്ധനം നിറക്കേണ്ടത്. എന്നാൽ ലോഗ് ബുക്ക് പരിശോധിച്ചപ്പോൾ ഇപ്രകാരം ഒരു സൂപ്പർവിഷൻ നടക്കുന്നില്ലായെന്ന് വ്യക്തമാകുന്നു.
ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (21/1.9.22) മറുപടി ലഭിച്ചില്ല.

## 1-30 പ്രൊക്യൂർമെന്റ് കമ്മിറ്റി- പ്രവർത്തനം കാര്യക്ഷമമല്ല

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 08-11-2010ലെ ജി.ഒ (പി) നം 259/2010- നമ്പർ ഉത്തരവിലാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തിയിട്ടുള്ളത്. ഈ ഉത്തരവ് പ്രകാരം സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള സമാഹരണ ചക്രത്തിൽ (Procurement Cycle) ആവശ്യം തിരിച്ചറിയൽ മുതൽ വിലയിരുത്തലും കരാർ അവസാനിപ്പിക്കലും വരെയായി 15 ഘട്ടങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഈ ഉത്തരവ് പ്രകാരം സെക്രട്ടറി / നിർവ്വഹണ ഉദ്യോഗസ്ഥൻ നേതൃത്വം നൽകുന്ന ഒരു വാങ്ങൽ ടീം രൂപീകരിക്കേണ്ടതും വാങ്ങൽ പദ്ധതി തയ്യാറാക്കുന്നതിന്റെയും അന്തിമമാക്കുന്നതിന്റെയും പ്രധാന ചുമതല ടീം നിർവ്വഹിക്കേണ്ടതുമാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. വാങ്ങൽ പദ്ധതിയുടെ പാരിസ്ഥിതിക , അപായ ഘടകങ്ങൾ പരിശോധിക്കൽ, വിതരണക്കാരേയും സേവനദാതാക്കളേയും തിരിച്ചറിയൽ ലഭ്യമാകുന്ന രേഖകളിൽ വ്യക്തത വരുത്തൽ, വിലയിരുത്തൽ തുടങ്ങി കരാർ അവസാനിപ്പിക്കൽ വരെയുള്ള നടപടികൾ ഈ ടീമിൽ നിക്ഷിപ്തമാണ്. പ്രൊക്യൂർമെന്റ് ടീമിനെ നയിക്കുന്നതിനായി പ്രസിഡന്റ് ചെയർപേഴ്സണും, വൈസ് പ്രസിഡന്റ് ഡെപ്യൂട്ടി ചെയർപേഴ്സണും സെക്രട്ടറി കൺവീനറും, എല്ലാ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺമാരും , നിർവ്വഹണ ഉദ്യോഗസ്ഥരും സോഷ്യൽ ഓഡിറ്റ് കമ്മിറ്റിയിലെ രണ്ടു പേരും ഉൾപ്പെടുന്ന ഒരു കമ്മിറ്റി രൂപീകരിക്കണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. രേഖകളുടെ വസ്തുതാപരമായ കൃത്യത സെക്രട്ടറിയോ, നിർവ്വഹണ ഉദ്യോഗസ്ഥനോ പരിശോധിച്ചതിന് ശേഷം പ്രൊക്യൂർമെന്റ് കമ്മിറ്റി മുൻപാകെ രേഖകൾ സമർപ്പിക്കേണ്ടതാണ്.

കുത്തിയതോട് ഗ്രാമ പഞ്ചായത്തിന്റെ 2021-22 വർഷത്തെ പ്രൊക്യൂർമെന്റ് കമ്മിറ്റി മിനിട്ട്സ് പരിശോധിച്ചതിൽ തൻ വർഷം 01.10.2021 ൽ മാത്രമാണ് പ്രൊക്യൂർമെന്റ് കമ്മിറ്റി യോഗം ചേർന്നിട്ടുള്ളത്. ടി യോഗങ്ങളിൽ, തൻവർഷം ആസൂത്രണ സമിതി അംഗീകരിച്ച് വെറ്ററിനറി സർജൻ, ,കൃഷി ഓഫീസർ, അസി.സെക്രട്ടറി, സെക്രട്ടറി, , ഐസിഡിഎസ്സ് സൂപ്പർവൈസർ, എന്നിവർ നിർവ്വഹണം നടത്തുന്ന വിവിധ പ്രോജക്ടുകളിലെ വാങ്ങലുകൾ സംബന്ധിച്ച് തുടർ നടപടി സ്വീകരിക്കുന്നതിന് തീരുമാനമെടുക്കുക മാത്രമാണ് ചെയ്തിട്ടുള്ളത്.. തൻവർഷം വിവിധ പദ്ധതികൾ പ്രകാരം വാങ്ങിയ സാധനങ്ങളുടെ/ ഉപകരണങ്ങളുടെ ഗുണമേന്മയും, വിലനിലവാരവും കമ്മിറ്റി ഉറപ്പു വരുത്തിയിട്ടില്ല.

മിനിട്ട്സ് ക്ലോസ് ചെയ്ത് പ്രസിഡന്റ് ഒപ്പ് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും പങ്കെടുത്തവർ രജിസ്റ്ററിൽ ഹാജർ

രേഖപ്പെടുത്തിയിട്ടില്ല. പ്രൊക്യൂർമെന്റ് കമ്മിറ്റി മേൽ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിച്ച് പ്രവർത്തിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണ്.

## 1-31 സോഴ്സ് ഡിഡക്ഷനിലൂടെ ഈടാക്കിയ തുകകൾക്ക് അനുസൃതമായി ജി.ഒ പ്രോജക്ട് തയ്യാറാക്കിയില്ല

കുത്തിയതോട് ഗ്രാമ പഞ്ചായത്തിന് 2021-22 സാമ്പത്തിക വർഷം വികസന ഫണ്ടിനത്തിൽ അലോക്കേറ്റ് ചെയ്ത തുകയിൽ നിന്നും വിവിധയിനങ്ങളിൽ സോഴ്സ് ഡിഡക്ഷനിലൂടെ തുകകൾ ഈടാക്കിയിട്ടുണ്ട്. എന്നാൽ ഇപ്രകാരം സോഴ്സ് ഡിഡക്ഷനിലൂടെ ഈടാക്കിയ തുകകൾക്ക് പൂർണമായും ജി.ഒ പ്രോജക്ട് തയ്യാറാക്കാതിരുന്നതു മൂലവും സോഴ്സിൽ നിന്നും ഡിഡക്ട് ചെയ്തതിനേക്കാൾ അധിക തുകയ്ക്ക് പ്രോജക്ട് ആവിഷ്കരിച്ചതു മൂലവും പ്രസ്തുത ഇനങ്ങളിൽ പഞ്ചായത്തിന്റെ പദ്ധതി ചെലവിലും വാർഷിക ധനകാര്യ പത്രികയിലും ഉൾപ്പട്ട തുകകൾ വ്യത്യാസപ്പെട്ടിരിക്കുന്നു.

1.വികസന ഫണ്ട്-(ജനറൽ)

| അലോട്ട്മെന്റ് ഉത്തരവ് നം. | ലൈഫ് വായ്പ തിരിച്ചടവ് | അംഗൻവാടി ജീവനക്കാർക്കുള്ള അധിക വേതനം |
|---|---|---|
| ജി.ഒ(ആർ.റ്റി) നം.3367/2021 ഫിൻ തീ.07.04.2021 | 176000 | 350400 |
| ജി.ഒ(ആർ.റ്റി) നം.5206/2021 ഫിൻ തീ.30.07.2021 | 887333 | 350400 |
| ജി.ഒ(ആർ.റ്റി) നം.22/2022 ഫിൻ തീ.01.01.2022 | 887333 | 350400 |
| ആകെ | 1950666 | 1051200 |

2.വികസന ഫണ്ട്-(എസ്.സി.പി)

| അലോട്ട്മെന്റ് ഉത്തരവ് നം. | ലൈഫ് വായ്പ തിരിച്ചടവ് |
|---|---|
| ജി.ഒ(ആർ.റ്റി) നം.5206/2021 ഫിൻ തീ.30.07.2021 | 36667 |
| ജി.ഒ(ആർ.റ്റി) നം.22/2022 ഫിൻ തീ.01.01.2022 | 36667 |
| ആകെ | 73334 |

മേൽ ഉത്തരവുകൾ പ്രകാരം ലൈഫ് ഭവന പദ്ധതി വായ്പ തിരിച്ചടവിനത്തിൽ ആകെ 2024000/-രൂപയും അംഗൻവാടി ജീവനക്കാർക്കുള്ള അധിക വേതനമിനത്തിൽ ആകെ 1051200/-രൂപയും സോഴ്സിൽ നിന്നും ഡിഡക്ട് ചെയ്തിട്ടുണ്ട്. എന്നാൽ ഈ തുകകൾക്കനുസൃതമായല്ല പഞ്ചായത്തിൽ 2021-22 സാമ്പത്തിക വർഷം ജി.ഒ പ്രോജക്ടുകൾ ആവിഷ്കരിച്ചിരിക്കുന്നത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ലൈഫ് വായ്പ തിരിച്ചടവ് | | അംഗൻവാടി ജീവനക്കാർക്കുള്ള അധിക വേതനം | |
|---|---|---|---|
| പ്രോജകട് നം | തുക | പ്രോജകട് നം | തുക |
| 173 | 887333 | 160 | 846800 |
| 161 | 176000 | 172 | 350400 |
| 162 | 315333 | | |
| 171 | 36667 | | |
| 163 | 95333 | | |
| ആകെ | 1510666 | | 1197200 |

സോഴ്സ് ഡിഡക്ഷനനുസൃതമായി ശരിയായ രീതിയിൽ ജി.ഒ പ്രോജക്ട് ആവിഷ്കരിക്കാതിരുന്നതു മൂലം പഞ്ചായത്തിന്റെ വരവ് ചെലവ് കണക്കുകൾ തെറ്റായി പ്രതിഫലിപ്പിക്കപ്പെടാനിടയായി. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (10/30.8.22) മറുപടി ലഭ്യമാക്കിയില്ല. ആയത് പരിഹരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-32 കാനാപറമ്പ് ലക്ഷംവീട് കോളനി കാനനിർമ്മാണം-അപാകതകൾ

പ്രോജക്ട് നമ്പർ-110/22

കാനാപറമ്പ് ലക്ഷംവീട് കോളനി കാനനിർമ്മാണം

ധനകാര്യകമ്മീഷൻ ഗ്രാന്റ്- 400000/-, ആകെമൂല്യം- 327956/-

ബിൽ നമ്പർ- 5/19.12.21, കരാറുകാരൻ - നാസർ.എ.എച്ച്

ഈ പ്രവൃത്തിയുടെ ഒന്നാം ഇനമായി എർത്ത് വർക്ക് എസ്കവേഷൻ 71.1 X 1 X വ്യത്യസ്ത ആഴത്തിൽ 29.035$m^3$-ഉം രണ്ടാം

ഇനമായി 1:3:6 അനുപാതത്തിൽ 71.1 X 1 X 0.10=7.11$m^3$ അളവിൽ കാനയുടെ ബെഡ് സിമന്റ് കോൺക്രീറ്റിംഗ് ചെയ്തിട്ടുണ്ട്. ആയത് 6.9$m^3$ൽ പരിമിതപ്പെടുത്തിയിട്ടുണ്ട്. മൂന്നാമിനമായി 71.1 X (0.20+0.15)/2 X വ്യത്യസ്ത ഉയരത്തിൽ ഇരുവശത്തുമായി =15.118$m^3$ സൈഡ് വാൾ കെട്ടിയിട്ടുണ്ട്. കൂടാതെ 6-ാം ഇനമായി വിയറിംഗ് കോട്ട് 0.40മീറ്റർ വീതിയിൽ ചെയ്തിട്ടുണ്ട്. ഇതിൽ നിന്നും കാനയുടെ ആകെ വീതി 0.80 മീറ്റർ മാത്രമാണെന്നും ഇരുവശവും 0.10 മീറ്റർ വീതം ഓഫ് സെറ്റ് നൽകിയാണ് സൈഡ് വാൾ നിർമ്മിച്ചിട്ടുള്ളതെന്നും വ്യക്തമാകുന്നു.

രണ്ടാം ഇനമായി 1:3:6 അനുപാതത്തിൽ 71.1 X 1 X 0.10 അളവിൽ കാനയുടെ ബെഡ് സിമന്റ് കോൺക്രീറ്റിംഗ് ചെയ്തിട്ടുള്ളതിൽ, കാനയുടെ ഇരുവശവും 0.10 മീറ്റർ വീതം ഓഫ് സെറ്റ് നൽകിയതായും കാണുന്നു. എന്നാൽ ഏതൊരു ഫൂട്ടിംഗ് കോഴ്സിന്റേയും പ്രൊജക്ഷൻ അതിന്റെ കനത്തിന്റെ പകുതിയിൽ കൂടുതലാകാൻ പാടില്ലായെന്നിരിക്കെ 0.10 മീറ്റർ വീതം ഓഫ് സെറ്റ് നൽകിയത് മൂലം രണ്ടാം ഇനംപ്രവൃത്തി അധികം ചെയ്തതായി കാണുന്നു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (18/31.8.22) മറുപടി ലഭ്യമാക്കിയില്ല. രണ്ടാം ഇനമായി 1:3:6 അനുപാതത്തിൽ കാനയുടെ ബെഡ് സിമന്റ് കോൺക്രീറ്റിംഗ് 2x71.1 X 0.05 X 0.10=0.711$m^3$ അധികം ചെയ്തിട്ടുണ്ട്. മൂല്യനിർണ്ണയം നടത്തിയപ്പോൾ ഈയിനം 0.21m3 കുറവ് ചെയ്ത് 6.9m3ൽ പരിമിതപ്പെടുത്തിയിട്ടുണ്ട്. ആയതിനാൽ പരിമിതപ്പെടുത്തിയപ്പോൾ കുറവ് ചെയ്ത 0.21m3 കിഴിച്ച് (0.711-0.21), അധികം ചെയ്ത0.501m3 ന് 7571.344/m3നിരക്കിൽ അധികം നൽകിയ 3793/-രൂപയും 12%ജി.എ.സ്.ടിയുമുൾപ്പെടെ ആകെ അധികം നൽകിയ 4248/- രൂപ ബന്ധപ്പെട്ട കരാറുകാരനിൽ നിന്നും ഈടാക്കി ഒടുക്ക് വരുത്തേണ്ടതാണ്.

## 1-33 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി- സെക്യൂർ സോഫ്റ്റ് വെയർ പ്രകാരം 80mmപേവർ ബ്ലോക്ക് പാകുന്നതിന് പി.ഡബ്ല്യൂ.ഡി നിരക്കിനേക്കാൾ ഉയർന്ന നിരക്ക് അനുവദിച്ചുനൽകുന്നു.

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം 2020-21 ൽ നടപ്പിലാക്കിയതും 2021-22ൽ പേയ്മെന്റ് നടന്നിട്ടുള്ളതുമായ താഴ പറയുന്ന പ്രവൃത്തികളിൽ 80mmപേവർ ബ്ലോക്ക് പാകുന്നതിന് പി.ഡബ്ല്യൂ.ഡി നിരക്കിനേക്കാൾ ഉയർന്ന നിരക്ക് അനുവദിച്ചിട്ടുള്ളതായി കാണുന്നു. പി.ഡബ്ല്യൂ.ഡി നിരക്കനുസരിച്ച് (സ്പെസിഫിക്കേഷൻ-6.7.1) 933.78/$m^2$ എന്ന നിരക്കാണ് പ്രസ്തുത കാലയളവിൽ എൽ.എസ്.ജി.ഡി വിഭാഗം അനുവദിച്ചുനൽകിയിട്ടുള്ളത്. എന്നാൽ തൊഴിലുറപ്പ് പദ്ധതി പ്രകാരം 80mmപേവർ ബ്ലോക്ക് പാകുന്നതിന് 1303.15/$m^2$, 1306.15/$m^2$ എന്നിങ്ങനെ രണ്ട് വ്യത്യസ്ത നിരക്കുകൾ അനുവദിച്ചുനൽകിയിട്ടുള്ളതായി കാണുന്നു.

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | അളവ് പുസ്തകം നമ്പർ | 80mmപേവർ ബ്ലോക്ക് പാകിയ അളവ് | 1303.15/$m^2$, 1306.15/$m^2$ നിരക്കിൽ അനുവദിച്ച തുക | പി.ഡബ്ല്യൂ.ഡി നിരക്ക് 933.78/$m^2$ പ്രകാരം ചെയ്താൽ അനുവദിക്കേണ്ടതുക | വ്യത്യാസം | എഫ്.ടി.ഒ നമ്പർ |
|---|---|---|---|---|---|---|---|
| 1 | കരാത്തററോഡ് മെറ്റലിംഗ് | 156/20-21 | 222.24$m^2$ | 290278 | 207523 | 82755 | 969686/5.7.21 |
| 2 | പറയകാട് ഗവ. യൂ.പി.സ്കൂളിന് ടൈലിംഗ് | 73/20-21 | 72.22m2 | 94113 | 67438 | 26675 | 767996/5.7.21 |
| 3 | തുണ്ടിൽ തിരുമലഭാഗം നടപ്പാതടൈലിംഗ് | 110/21 | 36.12 | 47178 | 33728 | 13450 | 767997/5.7.21 |

ഏതാനും ഉദാഹരണങ്ങൾ മാത്രമാണ് പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. മേൽ വിഷയം NREGS മിഷൻ ഡയറക്ടറുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ എന്നത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (9/30.8.22) ലഭ്യമാക്കിയ മറുപടിയിൽ ടെണ്ടർ അനുസരിച്ച് കരാറുകാർ ക്വോട്ട് ചെയ്ത നിരക്കാണ് അനുവദിച്ചിട്ടുള്ള തെന്നും സോഫ്റ്റ് വെയർ പ്രകാരമുള്ള നിരക്ക് വ്യത്യാസം NREGS മിഷൻ ഡയറക്ടറുടെ ശ്രദ്ധയിൽപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാ ണെന്നും അറിയിച്ചിട്ടുണ്ട്. മേൽ വിഷയത്തിന്മേൽ സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-34 കാലിവീപ്പയുടെ ജി.എസ്.ടി തനത് ഫണ്ടിൽ നിക്ഷേപിച്ചിരിക്കുന്നു

കത്തിയതോട് ഗ്രാമപഞ്ചായത്തിൽ തൻവർഷം നടപ്പിലാക്കിയ മരാമത്തു പ്രവൃത്തികളുടെ ഫയൽ പരിശോധിച്ചതിൽ റോഡ് ടാറിംഗ് പ്രവർത്തികളിൽ പാക്ക്ഡ് ബിറ്റുമിന്റെ നിരക്കിലാണ് മൂല്യ നിർണ്ണയം നടത്തിയിട്ടുള്ളത്. ആയതിനാൽ ഫൈനൽ ബിൽ നൽകുമ്പോൾ കാലിവീപ്പയുടെ വിലയും 18% ജി.എസ്.ടിയുമുൾപ്പെടെ 281/-രൂപ നിരക്കിൽ തിരികെ ഈടാക്കേണ്ടതും ജി.എസ്.ടി പ്രത്യേകം കണക്കാക്കി ജി.എസ്.ടി വകുപ്പിലേക്കും ഒടുക്ക് വരുത്തേണ്ടതാണ്. എന്നാൽ താഴെ പറയുന്ന പ്രവൃത്തിയിൽ ഫൈനൽ ബിൽ തയ്യാറാക്കിയപ്പോൾ ആകെ പ്രവൃത്തിമൂല്യത്തിൽ നിന്നും കാലിവീപ്പയുടെ വിലയും ജി.എസ്.ടിയും കുറവ് ചെയ്താണ് തുക പിൻവലിച്ചത്. തന്മൂലം ജി.എസ്.ടിയിനത്തിൽ ജി.എസ്.ടി വകുപ്പിലേക്ക് അടക്കേണ്ടിയിരുന്ന നികുതിയും പദ്ധതിപ്പണത്തിൽ/തനത് ഫണ്ടിൽ തന്നെ നിക്ഷേപിക്കപ്പെട്ടു. കാലിവീപ്പയുടെ ജി.എസ്.ടി പ്രത്യേകം കണക്കാക്കി ജി.എസ്.ടി വകുപ്പിലേക്ക് ഒടുക്ക് വരുത്തേണ്ടതാണ്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട്/പേര് | ഫണ്ടിനം | ഉപയോഗിച്ച ബിറ്റുമിന്റെ അളവ് | ജി.എസ്.ടി ഉൾപ്പെടെ ഈടാക്കിയ തുക | ജി.എസ്.ടി ഇനത്തിൽ ഒടുക്കേണ്ടതുക | ബിൽ നമ്പർ |
|---|---|---|---|---|---|---|
| 1 | 105/22 കെ.പി റോഡ് കുന്നത്തമ്പലം | മെയിന്റനൻസ് ഗ്രാന്റ് | 17ബാരൽ | 17x280=4760 തനത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നു. | 731 | 1/13.10.21-37832, 49/20-21 /26.3.21- |

| | | | | | | |
|---|---|---|---|---|---|---|
| | റോഡ് ഇമ്പ്രൂവ്മെന്റ് | | | | | 456768 |
| 2. | 123/22 പാട്ടുകുളങ്ങര കുമരകത്ത് റോഡ് മെറ്റലിംഗ് ടാറിംഗ് | ധനകാര്യ കമ്മീഷൻ ഗ്രാന്റ് &തനത് ഫണ്ട് | 9ബാരൽ | 9x287=2583 | 441 | 8/7.3.22, ചെക്ക് നമ്പർ-2973845/7.3.22 |
| 3 | 67/22മുത്തുപറമ്പ് റോഡ് മെയിന്റനൻസ് | മെയിന്റനൻസ് ഗ്രാന്റ് &തനത് ഫണ്ട് | 12ബാരൽ | 12x287=3444 | **588 | 9/7.3.22, ചെക്ക് നമ്പർ-2973845/7.3.22 |
| 4 | 119/22മുട്ടുങ്കൽ പാലം അംഗൻവാടി റോഡ് മെറ്റലിംഗ് ടാറിംഗ് | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 12ബാരൽ | 12x287=3444 | 588 | 14/25.3.22 |
| 5 | 54/22നാളികാട്ട് റോഡ് മെയിന്റനൻസ് | ധനകാര്യ കമ്മീഷൻ ഗ്രാന്റ് &തനത് ഫണ്ട് | 28ബാരൽ | 28x287= 8036 | 1372 | 15/25.3.22, ചെക്ക് നമ്പർ-2973853/7.3.22 |
| 6 | 129/22 എൻ.കെ. അബ്ദുൾ ഹാജി റോഡ് മെറ്റലിംഗ് ടാറിംഗ് | ധനകാര്യ കമ്മീഷൻ ഗ്രാന്റ് &തനത് ഫണ്ട് | 13ബാരൽ | 13x287=3731 | 559 | 24/30.3.22, ചെക്ക് നമ്പർ-2973857/31.3.22 |
| 7 | 53/22 കുന്നത്ത് ക്ഷേത്രം റോഡ് | മെയിന്റനൻസ് ഗ്രാന്റ് &തനത് ഫണ്ട് | 6ബാരൽ | 6x287= 1722 | 294 | 20/27.3.22, ചെക്ക് നമ്പർ-2973857/31.3.22 |
| 8 | 56/22എൻ.സി.സി ചാത്തംവേലി റോഡ് | മെയിന്റനൻസ് ഗ്രാന്റ് &തനത് ഫണ്ട് | 11ബാരൽ | 11x287= 3157 | 539 | ചെക്ക് നമ്പർ-2973860/31.3.22 |
| 9 | 88/22 നസ്രാണി റോഡ് മെയിന്റനൻസ് | ധനകാര്യ കമ്മീഷൻ ഗ്രാന്റ് &തനത് ഫണ്ട് | 9ബാരൽ | 9x287=2583 | 441 | ചെക്ക് നമ്പർ-2973845/7.3.22 |
| 10 | 57/22 വടക്കനപ്പൻ ഒട്ടാരം പൂപ്പള്ളി റോഡ് | തനത് | 9ബാരൽ | 9x287=2583 | 441 | ചെക്ക് നമ്പർ-2973845/7.3.22 |
| | ആകെ | | | | 5994/- | |

**ബില്ലിൽ കുറവ് ചെയ്ത പിൻവലിച്ചതിനാൽ ഈ തുക ബന്ധപ്പെട്ട അക്കൗണ്ടിൽ തന്നെ നിക്ഷേപിക്കപ്പെട്ടു. തനത് ഫണ്ടിൽ നിക്ഷേപിക്കപ്പെട്ട കാലിവീപ്പ വില/ ജി.എസ്.ടി എന്നിവ ബന്ധപ്പെട്ട വകുപ്പിലേക്ക് ഒടുക്ക് വരുത്തിയിട്ടുണ്ടെങ്കിൽ പരിശോധിച്ച് മറുപടി ലഭ്യമാക്കുവാനാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (17/31.08.2022) മറുപടി ലഭ്യമാക്കിയില്ല. പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ളവിധം ആകെ പ്രവൃത്തിമൂല്യത്തിൽ നിന്നും കുറവ് ചെയ്ത് തനത് ഫണ്ട് അക്കൗണ്ടിൽ സൂക്ഷിച്ചിട്ടുള്ള ജി.എസ്.ടി തുക ബന്ധപ്പെട്ട വകുപ്പിലേക്ക് ഒടുക്ക് വരുത്തേണ്ടതും ബില്ലിൽ കുറവ് ചെയ്ത് പിൻവലിച്ചതുമൂലം നഷ്ടമായ ക്രമ നമ്പർ 3ൽ പറഞ്ഞിട്ടുള്ള തുക പരിശോധിച്ച് ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കി ഒടുക്ക് വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-35 തൊഴിലുറപ്പ് പദ്ധതി പ്രകാരം മെറ്റീരിയൽ സപ്ലൈ ചെയ്യുന്ന കരാറുകാരിൽ നിന്നും വരുമാന നികുതി/ജി.എസ്.ടി എന്നിവ ശ്രോതസ്സിൽ കുറവ് ചെയ്യുന്നില്ല.

2021-22 ൽ ഗ്രാമ പഞ്ചായത്തിൽ നടപ്പിലാക്കിയ താഴെ പറയുന്ന പ്രവൃത്തികളിൽ മെറ്റീരിയൽ സപ്ലൈ ചെയ്ത കരാറുകാർ/വിവിധ വർക്കുകൾക്ക് ഡിസ്പ്ലേ ബോർഡ് സപ്ലൈ ചെയ്ത കരാറുകാർ എന്നിവരിൽ നിന്നും വരുമാന നികുതി ശ്രോതസ്സിൽ കുറവ് ചെയ്തിട്ടില്ല. വരുമാന നികുതി സെക്ഷൻ 194C പ്രകാരം ഒറ്റ തവണ 30,000/-രൂപയിലധികമോ ഒരു സാമ്പത്തിക വർഷം 1,00,000/- രൂപയിലധികമോ കരാർ പ്രവൃത്തികൾക്ക് നൽകുകയാണെങ്കിൽ 1% നികുതി ശ്രോതസ്സിൽ നിന്നും കുറവ് ചെയ്യേണ്ടതാണ്. എന്നാൽ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം താഴെ പറയുന്ന കരാറുകാർക്ക് മെറ്റീരിയൽസ്/ ഡിസ്പ്ലേ ബോർഡ് എന്നിവ സപ്ലൈ ചെയ്തിന് പല ബില്ലുകളിലായി തൻവർഷം 1,00,000/- കൂടുതൽ തുക നൽകിയിട്ടുണ്ട്. എന്നാൽ ഇവരിൽ നിന്നും മേൽ സൂചിപ്പിച്ച വിധം 1% വരുമാന നികുതിയും 2%ജി.എസ്.ടിയും ശ്രോതസ്സിൽ നിന്നും കുറവ് ചെയ്തിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര്/ | കരാറുകാരന്റെ പേര് | അനുവദിച്ച മെറ്റീരിയൽ ചാർജ്ജ് | ഈടാക്കേണ്ട ജി.എസ്.ടി 2% | ഈടാക്കേണ്ട വരുമാന നികുതി | എഫ്.ടി.ഒ നമ്പർ |
|---|---|---|---|---|---|---|
| 1 | കരാത്തററോഡ് മെറ്റലിംഗ് RC315797 | പ്രവീൺകുമാർ | 285488 | 5710 | 2855 | 969686/5.7.21 |
| 2 | പറയകാട് ഗവ. യൂ.പി.സ്കൂളിന് ടൈലിംഗ് | പ്രവീൺകുമാർ | 96159 | 00 | 962 | 767996/5.7.21 |

| | | | | | | |
|---|---|---|---|---|---|---|
| | RC296211 | | | | | |
| 3 | തുണ്ടിൽ തിരുമലഭാഗം നടപ്പാതടൈലിംഗ് RC319245 | പ്രവീൺകുമാർ | 49604 | 00 | 496 | 767997/5.7.21 |
| 4 | കൊല്ലശ്ശേരി നടപ്പാത നിർമ്മാണം RC319243 | പ്രവീൺകുമാർ | 62823 | 00 | 628 | 767997/5.7.21 |
| 5 | NH സുമാഞ്ജലി നടപ്പാത കോൺക്രീറ്റിംഗ് RC296234 | പ്രവീൺകുമാർ | 264743 | 5295 | 2647 | 975139/processed 5.7.21 |
| 6 | പഴമേൽ മുല്ലക്കര റോഡ് ടൈലിംഗ് RC320111 | പ്രവീൺകുമാർ | 385946 | 7719 | 3859 | 981741/processed 5.7.21 |

മേൽ വിഷയം സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (24/1.9.22) മറുപടി ലഭ്യമാക്കിയില്ല. പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ളത് ഏതാനും ഉദാഹരണങ്ങൾ മാത്രമാണ്. ഇതുപോലെ തൻവർഷം നടപ്പിലാക്കിയിട്ടുള്ള എല്ലാപദ്ധതികളും പരിശോധിച്ച് ജി.എസ്.ടി/വരുമാന നികുതി എന്നിവ ഒടുക്കുവാൻ ബാധ്യസ്ഥരായ മെറ്റീരിയൽ സപ്ലൈ ചെയ്ത കരാറുകാരിൽ നിന്നും ആയത് ഈടാക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്. വരുമാന നികുതി ഉറവിടത്തിൽ കുറവ് ചെയ്യുന്നതിന് നിലവിൽ ഓപ്ഷനില്ലാത്തതിനാൽ ഈ സൗകര്യം സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തുന്നതിന് പ്രസ്തുത വിഷയം ദേശീയ തൊഴിലുറപ്പ് മിഷൻ ഡയറക്ടറുടെ ശ്രദ്ധയിൽപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-36 എർത്ത്ഫില്ലിംഗ് കൺസോളിഡേഷൻ കുറവ് ചെയ്തില്ല.

പള്ളിത്തോട് പി.എച്ച്.സി ക്ക് മതിൽ, ഗേറ്റ്, മുറ്റം ടൈൽ പാകൽ.

പ്രോജക്ട് നമ്പർ- 116/22

അടങ്കൽ- 4,80,000/- (ധനകാര്യകമ്മീഷൻ ഗ്രാന്റ്- 280000/-മെയിന്റനൻസ് ഗ്രാന്റ് റോഡിതരം 120000/-)

കരാറുകാരൻ- അജയകുമാർ, അളവ് പുസ്തകം 31/21-22

ബിൽ നമ്പർ 22/30.3.22, 280000/-

23/30.3.22, 81431/-

ഈ പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ അളവ് പുസ്തകം പുറം2 പ്രകാരം കൺസ്ട്രക്ഷൻ ഓഫ് എംബാങ്ക്മെന്റ് എന്നയിനം 47.26m3 ചെയ്തിട്ടുണ്ട്. ആയതിന് 1022.81/m3 നിരക്കിൽ മൂല്യനിർണ്ണയം നടത്തിയിട്ടുണ്ട്. എന്നാൽ ഡേപ്പ് കറക്ഷൻ 10% കുറവ് ചെയ്യാതിരുന്നതിനാൽ കരാറുകാരന് അധികം തുക നൽകിയിട്ടുണ്ട്. 10% കുറവ് ചെയ്താൽ മൂല്യനിർണ്ണയത്തിന് അർഹമായ അളവ് $42.53m^3$ആണ്. ആയതിനാൽ $47.26m^3$-$42.53m^3$=$4.73m^3$ന് $1022.81/m^3$ നിരക്കിൽ 4838/-രൂപയിൽ 1%ടെണ്ടർ കുറവ് കിഴിവ് ചെയ്ത് 4790/-രൂപയും 12% ജി.എസ്.ടി ഉൾപ്പെടെ 5365/-രൂപ അധികം നൽകിയതായി കാണുന്നു. മേൽ വിഷയം സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (22/1.9.22) മറുപടി ലഭ്യമാക്കിയില്ല. ആകയാൽ അധികം നൽകിയ 5365/-രൂപ ബന്ധപ്പെട്ട കരാറുകാരിൽ നിന്നും ഈടാക്കി ഒടുക്ക് വരുത്തേണ്ടതാണ്.

## 1-37 ഇ-പേയ്മെന്റ് സംവിധാനം വഴി കരാറുകാർ അടച്ചിട്ടുള്ള ടെണ്ടർ ഫീസിന്റെ വിശദാംശം

ഗ്രാമ പഞ്ചായത്തിൽ നാളിതുവരെ ഇ-ടെണ്ടറിംഗിലൂടെ നടപ്പാക്കിയ പ്രവൃത്തികളിൽ നിന്ന് എൽ.എസ്.ജി.ഡി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ/അസിസ്റ്റന്റ് എഞ്ചിനീയറുടെ സീറോ ബാലൻസ് അക്കൗണ്ടിലേക്ക് ഇ-പേയ്മെന്റ് സംവിധാനം വഴി കരാറുകാർ അടച്ചിട്ടുള്ള ടെണ്ടർ ഫീസിന്റെ വിശദാംശം സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (11/31.8.2022) ലഭ്യമാക്കിയ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| വർഷം | എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലേക്ക് വരവ് വന്ന ഇ-ടെണ്ടർ ഫീസ് |
|---|---|
| 1.7.2018മുതൽ04.01.2020 വരെ | 12656/- |

അസിസ്റ്റന്റ് എഞ്ചിനീയറുടെ സീറോ ബാലൻസ് അക്കൗണ്ടിലേക്ക് ഇ-പേയ്മെന്റ് സംവിധാനം വഴി കരാറുകാർ അടച്ചിട്ടുള്ള ടെണ്ടർ ഫീസിന്റെ വിശദാംശം

| വർഷം | അസിസ്റ്റന്റ് എഞ്ചിനീയറുടെ അക്കൌണ്ടിലേക്ക് വരവ് വന്ന ഇ-ടെണ്ടർ ഫീസ് |
|---|---|
| 2019-20 | 20726 |
| 2020-21 | 00 |
| 2021-22 | 14659 |

മേൽ പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള തുകകൾ ഗ്രാമപഞ്ചായത്ത് അക്കൗണ്ടി ലേക്ക് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-38 കെ എസ്.ഇ.ബി.യ്ക്ക് വിവിധ നിക്ഷേപപ്രവൃത്തികൾക്കായി തുക നൽകിയിയിട്ടുണ്ടെങ്കിലും നാളിതുവരെ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല

ഗ്രാമ പഞ്ചായത്തിലെ വിവിധ ലൈൻ എക്സ്റ്റൻഷൻ പ്രവൃത്തികൾക്കായി കെ.എസ്.ഇ.ബി.യ്ക്ക് 2017 മുതൽ നൽകിയ തുകകൾ പ്രവൃത്തി പൂർത്തിയാക്കാതെ നിക്ഷേപമായി അവശേഷിക്കുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം./പേര് | വൗച്ചർ നം./തീയതി | തുക |
|---|---|---|---|
| 1 | 106/17സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 21600805/28.02.2017 | 289269 |
| 2 | 193/17ലൈൻ എക്സ്റ്റൻഷൻ | 21600811/ 28.02.2017 | 93550 |
| 3 | 194/17 | 21600810/28.02.2017 | 220000 |
| 4 | 192/17സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ വാർഡ്-6 | 21600804/28.02.2017 | 230000 |
| 5 | 191/17 | 21600809/28.02.2017 | 214730 |
| 6 | 106/17 | 21601029/ 31.03.2017 | 289269 |
| 7 | Remittance Of Balance Estimate | 21700051/25.04.2017 | 8550 |
| 8 | 13 | 21700835/23.11.2017 | 600000 |
| 9 | Supervision Charge | 22100494/14.02.2022 | 1770 |
| 10 | Post Shifting Charge | 22100486/11.02.2022 | 39479 |
| 11 | Post Shifting Charge | 23.02.2022 | 30798 |
| | Total | | 2017415 |

മേൽ പ്രവത്തികൾ പൂർത്തീകരിച്ച് വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുകയോ അല്ലാത്തപക്ഷം തുക തിരികെ ഈടാക്കുകയോ ചെയ്യേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 കാനാപറമ്പ് ലക്ഷംവീട് കോളനി കാനനിർമ്മാണം-അപാകതകൾ

പ്രോജക്ട് നമ്പർ-110/22

കാനാപറമ്പ് ലക്ഷംവീട് കോളനി കാനനിർമ്മാണം

ധനകാര്യകമ്മീഷൻ ഗ്രാന്റ്- 400000/-, ആകെമൂല്യം- 327956/-

ബിൽ നമ്പർ- 5/19.12.21, കരാറുകാരൻ - നാസർ.എ.എച്ച്

ഈ പ്രവൃത്തിയുടെ ഒന്നാം ഇനമായി എർത്ത് വർക്ക് എസ്കവേഷൻ 71.1 X 1 X വ്യത്യസ്ത ആഴത്തിൽ 29.035$m^3$-ഉം രണ്ടാം ഇനമായി 1:3:6 അനുപാതത്തിൽ 71.1 X 1 X 0.10=7.11$m^3$ അളവിൽ കാനയുടെ ബെഡ് സിമന്റ് കോൺക്രീറ്റിംഗ് ചെയ്തിട്ടുണ്ട്. ആയത് 6.9$m^3$ൽ പരിമിതപ്പെടുത്തിയിട്ടുണ്ട്. മൂന്നാമിനമായി 71.1 X (0.20+0.15)/2 X വ്യത്യസ്ത ഉയരത്തിൽ ഇരുവശത്തുമായി =15.118$m^3$ സൈഡ് വാൾ കെട്ടിയിട്ടുണ്ട്. കൂടാതെ 6-ാം ഇനമായി വിയറിംഗ് കോട്ട് 0.40മീറ്റർ വീതിയിൽ ചെയ്തിട്ടുണ്ട്. ഇതിൽ നിന്നും കാനയുടെ ആകെ വീതി 0.80 മീറ്റർ മാത്രമാണെന്നും ഇരുവശവും 0.10 മീറ്റർ വീതം ഓഫ് സെറ്റ് നൽകിയാണ് സൈഡ് വാൾ നിർമ്മിച്ചിട്ടുള്ളതെന്നും വ്യക്തമാകുന്നു.

രണ്ടാം ഇനമായി 1:3:6 അനുപാതത്തിൽ 71.1 X 1 X 0.10 അളവിൽ കാനയുടെ ബെഡ് സിമന്റ് കോൺക്രീറ്റിംഗ് ചെയ്തിട്ടുള്ളതിൽ, കാനയുടെ ഇരുവശവും 0.10 മീറ്റർ വീതം ഓഫ് സെറ്റ് നൽകിയതായും കാണുന്നു. എന്നാൽ ഏതൊരു ഫൂട്ടിംഗ് കോഴ്സിന്റേയും പ്രൊജക്ഷൻ അതിന്റെ കനത്തിന്റെ പകുതിയിൽ കൂടുതലാകാൻ പാടില്ലായെന്നിരിക്കെ 0.10 മീറ്റർ വീതം ഓഫ് സെറ്റ് നൽകിയത് മൂലം രണ്ടാം ഇനംപ്രവൃത്തി അധികം ചെയ്തതായി കാണുന്നു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (18/31.8.22) മറുപടി ലഭ്യമാക്കിയില്ല. രണ്ടാം ഇനമായി 1:3:6 അനുപാതത്തിൽ കാനയുടെ ബെഡ് സിമന്റ് കോൺക്രീറ്റിംഗ് 2x71.1 X 0.05 X 0.10=0.711$m^3$ അധികം ചെയ്തിട്ടുണ്ട്. മൂല്യനിർണ്ണയം നടത്തിയപ്പോൾ ഈയിനം 0.21m3 കുറവ് ചെയ്ത് 6.9m3ൽ പരിമിതപ്പെടുത്തിയിട്ടുണ്ട്. ആയതിനാൽ പരിമിതപ്പെടുത്തിയപ്പോൾ കുറവ് ചെയ്ത 0.21m3 കിഴിച്ച് (0.711-0.21), അധികം ചെയ്ത0.501m3 ന് 7571.344/m3നിരക്കിൽ അധികം നൽകിയ 3793/-രൂപയും 12%ജി.എ.സ്.ടിയുമുൾപ്പെടെ ആകെ അധികം നൽകിയ 4248/- രൂപ ബന്ധപ്പെട്ട കരാറുകാരനിൽ നിന്നും ഈടാക്കി ഒടുക്ക് വരുത്തേണ്ടതാണ്.

## 3-2 എർത്ത്ഫില്ലിംഗ് കൺസോളിഡേഷൻ കുറവ് ചെയ്തില്ല.

പള്ളിത്തോട് പി.എച്ച്.സി ക്ക് മതിൽ, ഗേറ്റ്, മുറ്റം ടൈൽ പാകൽ.

പ്രോജക്ട് നമ്പർ- 116/22

അടങ്കൽ- 4,80,000/- (ധനകാര്യകമ്മീഷൻ ഗ്രാന്റ്- 280000/-മെയിന്റനൻസ് ഗ്രാന്റ് റോഡിതരം 120000/-)

കരാറുകാരൻ- അജയകുമാർ, അളവ് പുസ്തകം 31/21-22

ബിൽ നമ്പർ 22/30.3.22, 280000/-

23/30.3.22, 81431/-

ഈ പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ അളവ് പുസ്തകം പുറം2 പ്രകാരം കൺസ്ട്രക്ഷൻ ഓഫ് എംബാങ്ക്മെന്റ് എന്നയിനം 47.26m3 ചെയ്തിട്ടുണ്ട്. ആയതിന് 1022.81/m3 നിരക്കിൽ മൂല്യനിർണ്ണയം നടത്തിയിട്ടുണ്ട്. എന്നാൽ ടേപ്പ് കറക്ഷൻ 10% കുറവ് ചെയ്യാതിരുന്നതിനാൽ കരാറുകാരന് അധികം തുക നൽകിയിട്ടുണ്ട്. 10% കുറവ് ചെയ്താൽ മൂല്യനിർണ്ണയത്തിന് അർഹമായ അളവ് 42.53$m^3$ആണ്. ആയതിനാൽ 47.26$m^3$-42.53$m^3$=4.73$m^3$ന് 1022.81/$m^3$ നിരക്കിൽ 4838/-രൂപയിൽ 1%ടെണ്ടർ കുറവ് കിഴിവ് ചെയ്ത് 4790/-രൂപയും 12% ജി.എസ്.ടി ഉൾപ്പെടെ 5365/-രൂപ അധികം നൽകിയതായി കാണുന്നു. മേൽ വിഷയം സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (22/1.9.22) മറുപടി ലഭ്യമാക്കിയില്ല. ആകയാൽ അധികം നൽകിയ 5365/-രൂപ ബന്ധപ്പെട്ട കരാറുകാരിൽ നിന്നും ഈടാക്കി ഒടുക്ക് വരുത്തേണ്ടതാണ്.

## 3-3 സുഭിക്ഷ കേരളം-വീട്ടുവളപ്പിലെ കുളത്തിലെ കൃഷി-34136 രൂപ അധികം നൽകി

പ്രോജക്ട് ന.S0041/22

പ്രോജക്ടിന്റെ പേര്- സുഭിക്ഷ കേരളം-വീട്ടുവളപ്പിലെ കുളത്തിലെ കൃഷി

സംസ്ഥാനാവിഷ്കൃത ഫണ്ട്-164000

തനത് ഫണ്ട് -154042

മറ്റുള്ളവ -450000

ആകെ അടങ്കൽ -768042

ചെലവ് -102400

80 ച.മീ.(രണ്ടു സെന്റ്) വിസ്തീർണ്ണമുള്ള കുളം. 40സെ.മീ.ആഴത്തിൽ കുഴിയെടുത്ത് പ്രസ്തുത മണ്ണ് ഉപയോഗിച്ച് കുളത്തിന് ചുറ്റുമായി 110 സെ.മീ.ഉയരത്തിൽ ബണ്ട് രൂപീകരിച്ചശേഷം കുളത്തിൽ പടുത വിരിക്കൽ, അടിത്തട്ട് ഒരുക്കൽ, 125 സെ.മീ ഉയരത്തിൽ ജലം നിറയ്ക്കൽ, സംരക്ഷിത വല സ്ഥാപിക്കൽഎന്നീ പ്രവൃത്തികൾ നിർവ്വഹിച്ച് 1000 മത്സ്യ കുഞ്ഞുങ്ങളെ നിക്ഷേപിച്ച് വളർത്തുന്നതിന് ആകെ യൂണിറ്റ് ചെലവ് 123000 രൂപയെന്ന് കണക്കാക്കിയിട്ടുണ്ട്. പൊതു വിഭാഗം ഗുണഭോക്താക്കൾക്ക് യൂണിറ്റ് ചെലവിന്റെ 40% സബ്സിഡിയായി അനുവദിക്കുന്നതാണ്. സ. ഉ (സാധാ) നം -1009/2020 / തസ്വഭവ തീയതി 29-05-2020 നമ്പർ ഉത്തരവ് പ്രകാരം സബ്സിഡി തുകയുടെ മൂന്നിൽ രണ്ടുഭാഗം തദ്ദേശഭരണ സ്ഥാപനവും മൂന്നിലൊന്ന് ഭാഗം ഫിഷറീസ് വകുപ്പുമാണ് വഹിക്കേണ്ടത്. എന്നാൽ ഗുണഭോക്താക്കൾക്ക് അവർ ഹാജരാക്കിയ ബില്ലുകളും വൗച്ചറുകളുടെയും അടിസ്ഥാനത്തിൽ 40% സബ്സിഡി തുകയും ഗ്രാമപഞ്ചായത്തിൽ നിന്നും നൽകുകയാണ് ചെയ്തിരിക്കുന്നത്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമനം. | ഗുണഭോക്താവിന്റെ പേര് | ചെലവഴിച്ച തുക | അനുവദനീയമായ ചെലവ് | നൽകിയ സബ്സിഡി @40% | നൽകാവുന്ന സബ്സിഡി(2/3 Of40%) | അധികം നൽകിയതുക |
|---|---|---|---|---|---|---|
| 1 | ബീന എസ് | 28016 | 26000 | 10400 | 6933 | 3467 |
| 2 | സജീബ് എ എസ് | 26410 | 26000 | 10400 | 6933 | 3467 |

| | | | | | | |
|---|---|---|---|---|---|---|
| 3 | പ്രശാന്ത് പി.എം | 28040 | 26000 | 10400 | 6933 | 3467 |
| 4 | കൊച്ചുമുഹമ്മദ് | 27486 | 26000 | 10400 | 6933 | 3467 |
| 5 | എൻ.ദയാനന്ദൻ | 27840 | 26000 | 10400 | 6933 | 3467 |
| 6 | എ.എൽ. സെബാസ്റ്റ്യൻ | 23836 | 22000 | 8800 | 5867 | 2933 |
| 7 | ശ്രീനിവാസൻ | 28838 | 26000 | 10400 | 6933 | 3467 |
| 8 | പ്രദീപ് വി | 29692 | 26000 | 10400 | 6933 | 3467 |
| 9 | പ്രകാശൻ | 28961 | 26000 | 10400 | 6933 | 3467 |
| 10 | സാബുമോൻ ജി | 28007 | 26000 | 10400 | 6933 | 3467 |
| | | | 256000 | 102400 | 68264 | 34136 |

സബ്സിഡി തുകയുടെ മൂന്നിൽ രണ്ടുഭാഗം മാത്രം തദ്ദേശഭരണ സ്ഥാപനം നൽകിയാൽ മതിയാകും എന്നിരിക്കെ സബ്സിഡി മാനദണ്ഡങ്ങൾ പാലിക്കാതെ 40% തുകയും അനുവദിച്ചതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.4/29.08.2022) മറുപടി ലഭിച്ചില്ല. അധികം നൽകിയ 34136/-രൂപ തിരികെ ഈടാക്കേണ്ടതാണ്. അല്ലാത്തപക്ഷം നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാദ്ധ്യതയായി കണക്കാക്കുന്നതാണ്.

ചെലവ് വിവരം

1.20800/-(ബിൽ നം.387 /22.03.2022)

2.20800/-(ബിൽ നം.418 /27.03.2022)

3.29600/-(ബിൽ നം.407 /26.03.2022)

4.20800/-(ബിൽ നം.396 /24.03.2022)

5.10400/-(ബിൽ നം.427 /30.03.2022)

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 193609 | സ്കോളർഷിപ്പ് | 193609 | |
| | | 40000 | അഗതി ആശ്രയ | 40000 | |
| | | 168796 | അങ്കണവാടി പോഷകാഹാരം | 168796 | |
| | | 1718000 | ലൈഫ് പദ്ധതി | 1718000 | |
| | ആകെ | 2120405 | | 2120405 | |
| ജില്ലാ പഞ്ചായത്ത് | 2021-22 | 40000 | അഗതി ആശ്രയ | 40000 | |
| | | 100000 | അങ്കണവാടി പോഷകാഹാരം | 100000 | |
| | | 218941 | സ്കോളർഷിപ്പ് | 218941 | |
| | | 2429168 | ലൈഫ് പദ്ധതി | | |
| | | 50000 | അഗതി ആശ്രയ | 50000 | |
| | ആകെ | 2838109 | | 2838109 | |

### 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള ഇലക്ട്രിസിറ്റി | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 21200549/ | 72047 | 0 | 72047 |

| ബോർഡ് | | | | | |
|---|---|---|---|---|---|

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ / വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പ ഇനത്തിൽ വരവില്ല. തൻവർഷം വായ്പ തിരിച്ചടച്ചതിന്റേയും വർഷാവസാനം തിരിച്ചടക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടേയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നം./ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കിയുള്ള തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള തുക | റിമാർക്സ് |
|---|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | | |
| HUDCO | | | 21908992 | 2024000 | | 19884992 | |

വാർഷിക കണക്കിലും ലോൺ രജിസ്റ്ററിലും വായ്പാ തിരിച്ചടവിനത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന തുക 1510666/-രൂപയാണ്. എന്നാൽ തൻവർഷം വികസന ഫണ്ടിനത്തിൽ അനുവദിച്ച തുകയിൽ നിന്നും ലൈഫ് ഭവന പദ്ധതി വായ്പാ തിരിച്ചടവിനത്തിൽ ആകെ സോഴ്സിൽ നിന്നും കുറവ് ചെയ്തിരിക്കുന്ന തുക 2024000/-രൂപയാണ്. ആയതിനനുസൃതമായാണ് വായ്പാ തിരിച്ചടവും, നീക്കിയിരിപ്പും കണക്കാക്കിയിരിക്കുന്നത്.

## 4-5 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 7039551 |
| തൻവർഷം നിക്ഷേപിച്ച തുക | 440632 |
| ആകെ | 7480183 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 7480183 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.

| സ്ഥാപനത്തിന്റെ പേര്(ബാങ്ക്) | നിക്ഷേപിച്ച തീയതി | കാലയളവ് | തുക | അക്കൗണ്ട് നമ്പർ |
|---|---|---|---|---|
| എ.ഡി.സി.ബി | 13.03.2022 | 180 ദിവസം | 7480183 | 4014/60 /01/003342 |
| | | | | |

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2009-10 | 3.9 | 2011-12 | 2.6 | 100എസ്.സി.കുടുംബങ്ങൾക്ക് കുടിവെള്ളകണക്ഷൻ എടുക്കുന്നതിനായി 450000 രൂപ കേരള വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്തിരുന്നു. | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടുണ്ട് |

:

## 4-8 ചാർജ്/സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 88229505 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 83577974 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 43294 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 509824 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | 0 | 3793 | കബീർ അസിസ്റ്റന്റ് എഞ്ചിനിയർ |
| 3-2 | | 5365 | കബീർ അസിസ്റ്റന്റ് എഞ്ചിനിയർ |
| 3-3 | | 34136 | നിഷാ എലിസബത്ത് ജോഷ്വ ഫിഷറീസ് സബ്ഇൻസ്പെക്ടർ |
| ആകെ | 0 | 43294 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-20 | 70277 | പി സി സേവ്യർ സെക്രട്ടറി, |
| 1-22 | 63458 | പി സി സേവ്യർ സെക്രട്ടറി, |
| 1-24 | 157113 | ഡോ.ജലീന നാലകത്ത്, മെഡിക്കൽ ഓഫീസർ,ഹോമിയോ |
| 1-25 | 218976 | ഡോ.അരുൺ, മെഡിക്കൽ ഓഫീസർ, പള്ളിത്തോട് പി എച്ച് സി |
| ആകെ | 509824 | |

സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക | തുക |
|---|---|
| 1-19 | 1246 |
| 3-1 | 455 |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| നിർവ്വഹണ ഉദ്യോഗസ്ഥരുടെ | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) | സ്ഥിരം മേൽവിലാസം |
|---|---|---|

| പേരും ഉദ് യോഗപ്പേരും | ഔദ്യോഗിക മേൽവിലാസം | |
|---|---|---|
| ഡോ.അരുൺ,<br>മെഡിക്കൽ ഓഫീസർ ,<br>പി എച്ച് സി | മെഡിക്കൽ ഓഫീസർ,<br>പള്ളിത്തോട് പി എച്ച് സി | KV/3, കലാവിഹാർ നഗർ,കുന്നുകുഴി,വഞ്ചിയൂർപി.ഒ, തിരുവനന്തപുരം |
| പി സി സേവ്യർ, സെക്രട്ടറി | സെക്രട്ടറി,<br>കുത്തിയതോട് ഗ്രാമപഞ്ചായത്ത് | പുല്ലരിത്തിക്കരി, സി എം സി-2, ചേർത്തല, 688524 |
| ഡോ.ജലീന നാലകത്ത്, മെഡിക്കൽ ഓഫീസർ,ഹോമിയോ | ഹോമിയോ ഡിസ്പെൻസറി, കുത്തിയതോട് | ബറാഖ് ഹൗസ്,എൻ.എ.ഡി, ശാന്തിഗിരി,കളമശ്ശേരി, എറണാകുളം-683563 |
| ജാൻസി എഫ്, അസിസ്റ്റന്റ് എഞ്ചിനിയർ | അസിസ്റ്റന്റ് എഞ്ചിനിയർ,എൽ.എസ്.ജി.ഡി, കുത്തിയതോട് | ഫാത്തിമ മൻസിൽ,മാങ്കാംകുഴി പി.ഒ,മാവേലിക്കര |
| കബീർ അസിസ്റ്റന്റ് എഞ്ചിനിയർ | വിരമിച്ച | തൗഫീക്ക് ഹൗസ്, തോണ്ടൻകുളങ്ങര വാർഡ്, അവലൂക്കുന്ന് പി.ഒ, ആലപ്പുഴ |
| നിഷാ എലിസബത്ത് ജോഷ്വ | ഫിഷറീസ് സബ്ഇൻസ്പെക്ടർ | ഫിഷറീസ് സബ്ഇൻസ്പെക്ടർ മഹിമ,ജനകീയനഗർ -59A, പട്ടത്താനം പി.ഒ,കൊല്ലം. |

## 4-10 തീർപ്പാക്കാനാവശേഷിക്കുന്ന ഓഡിറ്റ്റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1995-96 | എൽ.എഫ്.എ.9-180/98/3-07-98/10-12-98 |
| 1999-00, 2000-01 | എൽ.എഫ്.ജി.എ 5- 1832/11/21.1.12 |
| 2002-03 | എൽ.എഫ്.ജി.എ 5- 1832/11/21.1.12 |
| 2003-04 | എൽ.എഫ്.ജി.എ 5- 1832/11/21.1.12 |
| 2005-06 | എൽ.എഫ്.ജി.എ 5- 1832/11/21.1.12 |
| 2006-07 | എൽ.എഫ്.ജി.എ 5- 1577/2013 |
| 2007-08 | എൽ.എഫ്.ജി.എ 5- 1577/2013 |
| 2008-09 | എൽ.എഫ്.ജി.എ 5- 1577/2013 |
| 2009-10 | എൽ.എഫ്.ജി.എ 5- 1577/2013 |
| 2010-11&2011-12 | എൽ.എഫ്.എ.പി2- 134/13/21.03.2013 |
| 2012-13 | എൽ.എഫ്.എ.പി2- 101/14/29.04.2014 |
| 2013-2014 & 2014-15 | കെ.എസ്.എ.എ.എൽ.പി/പി2-374/2016/26.03.2017 |
| 2015-16 | കെ.എസ്.എ.എ.എൽ.പി/പി2 -1480/16/28.02.2016 |
| 2016-17 | കെ.എസ്.എ.എ.എൽ.പി/പി2-1184/17/18.09.2017 |
| 2017-2018 | കെ.എസ്.എ.എ.എൽ.പി/പി2-1204/18/21.6.2019 |
| 2018-2019 | കെ.എസ്.എ.എ.എൽ.പി/പി2-406/20/25.5.20 |
| 2019-2020 | കെ.എസ്.എ.എ.എൽ.പി/പി2-731/2021/25.09.2021 |
| 2020-2021 | കെ.എസ്.എ.എ.എൽ.പി/പി2-735/2021/25.09.2021 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

:
:

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ആലപ്പുഴ.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ആലപ്പുഴ ജില്ലയിലെ കുത്തിയതോട് ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ആലപ്പുഴ ജില്ലയിലെ കുത്തിയതോട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്